# ആത്മപ്രകാശിനി

**2010 മെയ്**

ആത്മപ്രകാശിനി പി. ഡി. എഫ്. ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട്. വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപോകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ്. ആത്മപ്രകാശിനി പി. ഡി. എഫ്. ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ്.

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of “Athmaprakashini, Kumbanad”.**

# Athmaprakashini

# അകത്താളുകളിൽ


**ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് . . . .**
ഡോ. കെ.സി. ജോൺസൺ .......... 3

**സുരക്ഷിതമായ ഒരു അടിസ്ഥാനം**
വി.എം. ജോൺ .................................. 4

**വെളിപ്പാടു പുസ്തകം . . . .**
ഡോ. ഒ.എം. ശമുവേൽ .................... 6

**കൃപ എന്ന വിശിഷ്ട വിഷയം**
കെ.വി. ജോൺ .................................. 7

**ക്രിസ്തീയ ശിഷ്യത്വം**
ഡോ. സൈലസ് സി. നായർ ........ 9

**തളർത്തുവാൻ ശ്രമിക്കുമ്പോഴും . . . .**
ഉമ്മൻ ജോർജ്ജ് ................................ 11

**ചരിത്രത്തിലെ ദൈവം**
ജോഷി ജോസഫ് ............................ 12

**പ്രായോഗിക ക്രിസ്തീയ ജീവിതം**
തോമസ് ഏബ്രഹാം ........................ 13

**ദൈവത്തെ ഭയപ്പെട്ട . . . .**
ലതാ രവി ........................................ 14

**അപ്പൊ. പ്രവർത്തികളുടെ . . . . .**
ഡോ. ജോസഫ് എം.പി. ................ 15

**മഹാനായ സുവിശേഷകൻ**
എം.ഇ. ചെറിയാൻ . ......................... 16

**ഒരു നാഴിക കൂടെ**
പി.എസ്. ഗോഡ്ലി .......................... 18

**ബൈബിൾ പ്രശ്നാവലി ............** 20

**വാർത്തകളും, കുറിപ്പുകളും** 22


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXIX** **No.5**

## 2010 മെയ്

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 9447600308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)



***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
+919447265500
**athmaprakashini@gmail.com**

# ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്നവർ

**Dr. K.C. Johnson, Mavelikkara**

**ഛ**ത്തീസ്ഘട്ടിലെ ഭിലായിയിൽ ഈ കഴിഞ്ഞ മാസം 15-ാം തീയതി രാവിലെ ഭിലായ് ബ്രദറൺ സഭയിലെ ഒരു കൂട്ടം സഹോദരന്മാർക്ക് നേരിടേണ്ടിവന്നത് സുവിശേഷ വിരോധികളുടെ ആസൂത്രിതമായ ഒരു ആക്രമണമായിരുന്നു. അവർ ചെയ്ത കുറ്റം സുവിശേഷം പ്രതിപാദിച്ചിരുന്ന ലഘുലേഖകൾ വിതരണം ചെയ്തു എന്നതും! മുൻകൂട്ടി പത്രപ്രവർത്തകരെ അറിയിച്ച് അവരുടെ സാന്നിധ്യത്തിൽ നടത്തിയ കിരാത ആക്രമണം കൊണ്ടും അവർ സംതൃപ്തരായില്ല; പോലീസിനെ സ്വാധീനിച്ച് നിർബന്ധിത മതപരിവർത്തനം നടത്തി എന്ന് ആരോപിച്ച് സുവിശേഷ പ്രവർത്തകരിൽ നാലു പേരെ ജയിലിൽ അടയ്ക്കുകയും ജാമ്യം നിഷേധിക്കുകയും ചെയ്തു. ഇത് വടക്കേ ഇന്ത്യയിൽ മാത്രം കാണുന്ന ഒരു പ്രതിഭാസമല്ല. ഇത്തരത്തിലുള്ള ആക്രമണങ്ങൾ കേരളത്തിലും വർദ്ധിച്ചു വരികയാണ്. ഈ ലേഖകൻ ഉൾപ്പെടെയുള്ള ഒരു സംഘം സുവിശേഷകന്മാരും വിശ്വാസികളും മാർച്ച് മാസത്തിൽ മാവേലിക്കരക്കടുത്തുള്ള ഒരു ഗ്രാമത്തിൽ വച്ച് സുവിശേഷ വിരോധികളായ ഒരു കൂട്ടം ചെറുപ്പക്കാരുടെ എതിർപ്പിനെ നേരിടേണ്ടി വന്നു എന്നു മാത്രമല്ല ഉച്ചഭാഷണി അവർ എറിഞ്ഞു തകർക്കുകയും ചെയ്തു. പെരുമ്പാവൂരിൽ കുറുപ്പുംപടിക്കടുത്ത് സുവി. ടിങ്കിൾ സി. പോളും മറ്റൊരു സഹോദരനും സുവിശേഷമറിയിച്ചതിന്റെ പേരിൽ ക്രൂരമായി മർദ്ദിക്കപ്പെടുകയുണ്ടായി. ഇങ്ങനെയുള്ള നിരവധി സംഭവങ്ങൾ ഈ മതേതര ജനാധിപത്യ ഭാരതത്തിൽ ഇക്കാലത്ത് സംഭവിക്കുന്നുണ്ട്.

ഉപദ്രവം കൊണ്ടും പീഡകൊണ്ടും കൊലചെയ്യൽകൊണ്ടും യഥാർത്ഥ ക്രൈസ്തവത്വത്തെ നശിപ്പിക്കാമായിരുന്നെങ്കിൽ ഒന്നാം നൂറ്റാണ്ടിൽ തന്നെ ക്രിസ്ത്യാനികൾ അന്യം നിന്നു പോകുമായിരുന്നു. എന്നാൽ പീഡിപ്പിക്കുന്തോറും വർദ്ധിക്കുന്ന ഒന്നാണ് ക്രൈസ്തവത്വം. ***രക്തസാക്ഷികളുടെ രക്തം സഭയുടെ വിത്താണ്*** എന്ന് രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തെർത്തുല്യൻ (197 എ.ഡി.) രേഖപ്പെടുത്തിയത് ഒരു പ്രപഞ്ച സത്യം തന്നെയായിരുന്നു.

ഒന്നാം നൂറ്റാണ്ടു മുതൽ ഇത്തരത്തിലുള്ള എതിർപ്പിലൂടെയാണ് ദൈവസഭ വളർന്നു വന്നത്. ദൈവപുത്രനായ ലോകരക്ഷിതാവായ യേശുക്രിസ്തുവിനെ ക്രൂശിച്ചു കൊന്നു എന്നു മാത്രമല്ല ആ ക്രിസ്തുവിന്റെ ശിഷ്യന്മാരേയും ഈ ലോകം വെറുതെ വിട്ടില്ല; അവരറിയിച്ച സന്ദേശം അംഗീകരിച്ചതുമില്ല. തദവസരത്തിൽ ക്രിസ്തുവും സഭയും അതിനോടു പ്രതികരിച്ച മാതൃക നമ്മുടെ മുമ്പിലുണ്ട്. കർത്താവു പറഞ്ഞു: ***പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്നു അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കേണമേ*** (ലൂക്കൊസ് 23:34). വിരോധികളോടു വിരോധം തോന്നാതെ അവരോടു ക്ഷമിക്കുക മാത്രമല്ല, അവരുടെ രക്ഷയ്ക്കു വേണ്ടി ദൈവ സന്നിധിയിൽ പ്രാർത്ഥിക്കുന്നതിനുള്ള ഉത്തരവാദിത്തവും നമുക്കുണ്ട്. എങ്കിൽ സ്തെഫാനൊസിനെ കൊല്ലുന്നതിനുള്ള പ്രേരകശക്തിയായിരുന്ന പൗലൊസിനെക്കൊണ്ടു സ്തെഫാനൊസ് പ്രസംഗിച്ച സുവിശേഷം പ്രസംഗിപ്പിച്ച ദൈവത്തിനു ഇന്നത്തെ സുവിശേഷ വിരോധിയെക്കൊണ്ടും ക്രിസ്തുവിനെ പ്രസംഗിപ്പിക്കുന്നതിനു കഴിയും. പൗലൊസ് ക്രിസ്തുവിനു വേണ്ടി രക്തസാക്ഷിയാകുകയും ചെയ്തല്ലൊ.

അപ്പൊസ്തലനായ യാക്കോബിനെ കൊന്നതിനു ശേഷം പത്രൊസിനെ ഹേരോദാ രാജാവു തടവിലാക്കിയപ്പോൾ സഭ ശ്രദ്ധയോടുകൂടി പത്രൊസിന്റെ വിടുതലിനു വേണ്ടി പ്രാർത്ഥിച്ചതുപോലെ (അപ്പൊ. 12:1-17) ഇന്നത്തെ വിശ്വാസികൾ സഭയായും കുടുംബമായും വ്യക്തികളായും സുവിശേഷം നിമിത്തം ഉപദ്രവിക്കപ്പെടുന്നവർക്കു വേണ്ടി പ്രാർത്ഥിക്കേണ്ടവരല്ലേ? എങ്കിൽ ദൈവത്തിന്റെ വൻക്രിയകൾ കണ്ട് ദൈവമക്കൾക്ക് ദൈവത്തെ സ്തുതിക്കുന്നതിനും നന്ദി അർപ്പിക്കുന്നതിനും ഇടയാകും.

കൈയിലിരുപ്പുകൊണ്ട് കഷ്ടം സഹിക്കുന്നവർക്ക് അത് ലജ്ജയാണ്. എന്നാൽ ക്രിസ്ത്യാനിയായിട്ട് കഷ്ടം സഹിക്കുന്നത് ഒരു ദൈവ പൈതലിന് അഭിമാനവുമാണ്. അതിനെപ്പറ്റി പത്രൊസ് എഴുതിയത് ശ്രദ്ധയിൽ കരുതേണ്ടതാണ്. ***നിങ്ങളിൽ ആരും കൊലപാതകനോ കള്ളനോ ദുഷ്പ്രവർത്തിക്കാരനോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടത്; പരകാര്യത്തിൽ ഇടപെടുന്നവനുമായിട്ടുമല്ല; ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുത്*** (1 പത്രൊസ് 4:15,16). മറ്റുള്ളവർ ക്രിസ്തുവിലേക്ക് രക്ഷയ്ക്കായി ഓടി അണയുവാൻ നമ്മുടെ ജീവിതം തടസ്സമായിത്തീരാതെ നാം അറിയിക്കുന്ന ***ക്രിസ്തുവിന്റെ സുവിശേഷത്തിന്നു യോഗ്യമാംവണ്ണം മാത്രം*** (ഫിലി. 1:27) ജീവിക്കേണ്ടത് ദൈവജനത്തിന്റെ ചുമതലയാണ്. സുവിശേഷം അറിയിക്കുന്നവരുടെ ജീവിതവൈകല്യങ്ങൾ സുവിശേഷ

# സുരക്ഷിതമായ ഒരു അടിസ്ഥാനം

വി.എം. ജോൺ, ചേത്തയ്ക്കൽ

ഒരു കെട്ടിടത്തിന്റെ ഭദ്രത അതിന്റെ അടിത്തറയെ ആശ്രയിച്ചിരിക്കുന്നു. "യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴികയില്ല. ആ അടിസ്ഥാനത്തിൻമേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ല് . . . എന്നിവ പണിയുന്നു എങ്കിൽ" (1 കൊരി 3:11,12). വേദപുസ്തക വിശ്വാസികളായ ക്രിസ്ത്യാനികൾക്കിടയിൽ നമ്മുടെ വിശ്വാസത്തിന്റെ ആത്മീക അടിസ്ഥാനത്തെക്കുറിച്ച് തർക്കമൊന്നുമില്ല. ക്രിസ്തുയേശുവിൽ മാത്രമുള്ള വിശ്വാസമാണ് ആ അടിസ്ഥാനം. സഭകളിൽ ഉള്ള പ്രശ്നങ്ങൾ പലതും ആ ഉറച്ച അടിസ്ഥാനത്തിൻമേൽ എങ്ങനെ നാം പണിയും എന്നതിനെച്ചൊല്ലിയാണ്.

പൊന്നും വെള്ളിയും വിലയേറിയ കല്ലും കൊണ്ടു പണിയുവാൻ നാം പ്രേരിതരാകുന്നു (1 കൊരി. 3:12–14). ഇവ എന്താണ് കാണിക്കുന്നത്? ഏതൊരു ചുറ്റുപാടായിരുന്നാലും സന്തോഷവും സമാധാനവും വിജയജീവിതവും നിറഞ്ഞ ക്രിസ്തുവിലുള്ള ഒരു ജീവിതം എങ്ങനെ നമുക്ക് പടുത്തുയർത്താം? വിശ്വാസത്താൽ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ആത്മീയ അടിസ്ഥാനത്തിൽ നാം പണിയണം. ആവ. 29:28 പറയുന്നു. "മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളവയത്രേ; വെളിപ്പെട്ടിരിക്കുന്നവയോ, നാം ഈ ന്യായപ്രമാണത്തിന്റെ സകല വചനങ്ങളും അനുസരിച്ചു നടക്കേണ്ടതിനു എന്നേക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു" ചില കാര്യങ്ങൾ മറഞ്ഞിരിക്കുന്നു എന്ന് ഈ വാക്യം നമ്മെ പഠിപ്പിക്കുന്നു. "എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളല്ല. നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു. ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു" (യെശ.55:8,9). നമുക്ക് അഗോചരമായ സംഗതികൾ വിശ്വാസത്താൽ സ്വീകരിക്കുക. സ്വന്തവിവേകത്താൽ മനസ്സിലാക്കാൻ കഴിയാത്ത ദൈവചിന്തകളും അദൃശ്യമായ കാര്യങ്ങളും വിശ്വാസത്താൽ നമുക്ക് കാണാൻ സാധിക്കും (സദൃ. 3:5–8).

ആദ്യമായി ദൈവത്തിന്റെ വഴികളും ചിന്തകളും വളരെ ഉന്നതമാണെന്നു അറിയുക. അഖിലാണ്ഡത്തെ ഒരു വാക്കിനാൽ സൃഷ്ടിച്ച ദൈവത്തെ മനുഷ്യവർഗ്ഗത്തിന് എങ്ങനെ മനസിലാക്കാൻ കഴിയും? വിശ്വാസത്താൽ മാത്രമേ അത് സാധിക്കുകയുള്ളൂ. വിശ്വാസം എന്ന അടിസ്ഥാനത്തിന്മേൽ ക്രിസ്തീയ കാര്യങ്ങൾ വിവേചിച്ചറിയേണ്ടതാണ്. നമ്മുടെ വിശ്വാസത്തിന്റെയും പ്രവർത്തിയുടെയും അടിസ്ഥാനം ക്രിസ്തുയേശു ആണെന്നുള്ളതിൽ സംശയമില്ല. "യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴികയില്ല." (1 കൊരി. 3:11). യേശു മൂലക്കല്ലാകുന്നു; "വീടു പണിയുന്നവരായ നിങ്ങൾ തള്ളിക്കളഞ്ഞിട്ടു കോണിന്റെ മൂലക്കല്ലായിതീർന്ന കല്ല് ഇവൻ തന്നേ" (അ.പ്ര. 4:11). ക്രിസ്തു എന്ന അടിസ്ഥാനത്തിന്മേൽ പണിയണമെങ്കിൽ അതിനടിസ്ഥാനമായ വേദപുസ്തകവും പരിശുദ്ധാത്മാവും വിശ്വാസവും എല്ലാം ആവശ്യമാണ്. പക്ഷേ ഒന്നിനെ മറ്റൊന്നിനേക്കാൾ ഊന്നിപ്പറയുന്നത് മാനുഷീകമാണ്. അതുപോലെ ക്രിസ്തീയ ജീവീതം വിജയപ്രദമായ ദിശയിലേക്ക് നയിക്കുന്നതിന് വചനത്തിന്റെയും ആത്മാവിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ ദിനംപ്രതി വിലയിരുത്തേണ്ടതു ആവശ്യമാണ്. അങ്ങനെ ക്രിസ്തുയേശുവിലുള്ള പൂർണ്ണ വളർച്ച പ്രാപിപ്പാൻ കഴിയും.

ശ്രദ്ധിക്കുക. ദൈവമായ ക്രിസ്തുവിൽ സ്ഥിരമായ അടിസ്ഥാനം നമുക്ക് നൽകപ്പെട്ടിരിക്കുന്നു.

---

ത്തിനു വളരെ ദോഷം ചെയ്യും എന്നുള്ളതിനാൽ വിശ്വാസികൾ വളരെ സൂക്ഷിച്ച് ജീവിക്കേണ്ടതാണ്. കാമാർത്തികളിലും മോഹങ്ങളിലും വീഞ്ഞുകുടിയിലും വെറിക്കൂത്തുകളിലും മദ്യപാനം മുതലായ ധർമ്മവിരുദ്ധ ജീവിത രീതിയും ഒരു ക്രിസ്ത്യാനി അവലംബിച്ചു കൂടാ (1 പത്രൊസ് 3:2,3).

വിശ്വാസം നിമിത്തവും സുവിശേഷം നിമിത്തവും ഒരു ക്രിസ്ത്യാനി കഷ്ടം അനുഭവിക്കുമ്പോൾ അവൻ തനിക്കുവേണ്ടി കഷ്ടതയനുഭവിച്ച് ക്രൂശിക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ ***ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവനായിത്തീരുകയാണ്***; അങ്ങനെയുള്ളവർക്ക് ക്രിസ്തുവിന്റെ വരവിൽ ഉല്ലസിച്ചാനന്ദിക്കുവാൻ കഴിയും (1 പത്രൊസ് 4:13). ഇന്ന് സുവിശേഷം നിമിത്തം കഷ്ടം അനുഭവിക്കുന്നവരെ നോക്കി ലോകം പരിഹസിക്കുമ്പോൾ കർത്താവിന്റെ വരവിങ്കൽ ഈ ദൈവക്കൾക്കു ലഭിക്കുവാൻ പോകുന്നത് ദൈവത്തിൽനിന്നുള്ള പുകഴ്ചയും അനവധി പ്രതിഫലങ്ങളുമാണ്. ●

(1) നിത്യതയുടെ വാഗ്ദാനമായി പുത്രനെ തന്നിരിക്കുന്നു. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ (പുത്രനെ) നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു." (യോഹ. 3:16). (2) നമുക്ക് പൂർണ്ണ ജയം ലഭിക്കുവാൻ അവൻ സഹായിക്കുന്നു: "നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണ ജയം പ്രാപിക്കുന്നു" (റോമർ 8:37). (3) നമ്മുടെ ജീവനും ഭക്തിക്കും വേണ്ടതെല്ലാം തന്നിരിക്കുന്നു: "നമ്മുടെ കർത്താവായ യേശുവിന്റെ പരിജ്ഞാനത്തിൽ നിങ്ങൾക്കു കൃപയും സമാധാനവും വർദ്ധിക്കുമാറാകട്ടെ, അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ'' (2 പത്രൊസ് 1:2,3). (4) തിരുവചനം "തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിനു അവരുടെ ബുദ്ധിയെ തുറന്നു" (ലൂക്കോസ് 24:45). (5) പരിശുദ്ധാത്മാവിനെ ലഭ്യമാക്കി. "അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും..." (യോഹ. 14:16,17). (6) വിശ്വാസത്തിന്റെ അളവ്; "ഭാവിക്കേണ്ടതിനു മീതെ ഭാവിച്ചുയരാതെ ദൈവം അവനവനു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കേണമെന്നു ഞാൻ എനിക്കു ലഭിച്ച കൃപയാൽ നിങ്ങളിൽ ഓരോരുത്തനോടും പറയുന്നു" (റോമർ 12:3).

ഈ അടിസ്ഥാനത്തിന്മേൽ നിൽക്കുവാൻ ദൈവം നമുക്ക് എല്ലാവർക്കും അധികാരവും കഴിവുകളും നൽകിയിരിക്കുന്നു. ക്രിസ്തീയ ജീവിതം നിത്യതയിൽ അവസാനിക്കുംവരെയും പടുത്തുയർത്തുവാൻ അവ നമുക്ക് ആവശ്യമെന്ന് ദൈവം അറിയുന്നു. ആദിയും അന്തവും മാധ്യവും ഒന്നിച്ചു കൂടുമ്പോഴാണ് പൂർണ്ണത ലഭിക്കുന്നത്. അതുപോലെ വേദപുസ്തകം, ആത്മാവ്, വിശ്വാസം ഇവ മൂന്നിന്റെയും തുല്യസാന്നിദ്ധ്യമാണ് പൂർണ്ണത തരുന്നത്.

ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിൽ വളർന്നുവരുന്നതാണ് ഒരു ക്രിസ്ത്യാനിയുടെ ലക്ഷ്യം. അതിനുവേണ്ട 3 കാര്യങ്ങൾ ശ്രദ്ധിക്കുക. (1) വേദപുസ്തകം : ''സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാവുന്നവനായി നില്പാൻ ശ്രമിക്ക'' (1 തിമൊ. 2:15). (2) പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് "ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു" (റോമർ 8:14). (3) വിശ്വാസത്തിൽ നടക്കുവാൻ അഭ്യസിക്കുക; "കാഴ്ചയാലല്ല, വിശ്വാസത്താലത്രേ നാം നടക്കുന്നത്" (2 കൊരി. 5:7).

ദൈവത്തിന്റെ ഈ 3 വ്യവസ്ഥകളും വെവ്വേറെ കാണരുത്. മൂന്നിനും നമ്മുടെ ആത്മീയ യാത്രയിൽ തുല്യപ്രാധാന്യമുണ്ട്. വേദപുസ്തകം ആത്മീക പുസ്തകമാണ്; പരിശുദ്ധാത്മാവ് തീർച്ചയായും ആത്മീകമാണ്. വിശ്വാസമോ ആത്മീക മണ്ഡലത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. ആകയാൽ സുരക്ഷിതമായ ഒരു അടിസ്ഥാനം ക്രിസ്തു മാർഗ്ഗം തന്നെ. ●

## രോഗികൾ

**താളിക്കുണ്ട് :** ഈ സ്ഥലം സഭാംഗവും സുവി. ജോൺസൻ തോമസിന്റെ അനുജനുമായ ജോമോൻ (25) മരത്തിൽനിന്ന് വീണ് പരിക്കേറ്റ് അരയ്ക്ക് താഴോട്ട് തളർന്ന് കഴിഞ്ഞ 7 വർഷമായി തന്റെ ഭവനത്തിൽ വീൽച്ചെയറിൽ കഴിയുകയാണ്. തന്റെ സുഷ്മന നാഡിക്ക് തകരാർ സംഭവിച്ചിരിക്കുകയാണ്. "ജനിതക ശസ്ത്രക്രിയ"യിലൂടെ ഈ അസുഖം സുഖപ്പെടുത്താം എന്ന് ഡോക്ടർമാർ അഭിപ്രായപ്പെട്ടതനുസരിച്ച് വിവിധ ടെസ്റ്റുകളും പരിശോധനകളും ചെയ്യുവാൻ ഇടയായി. ജൂൺ 14 മുതൽ തുടർച്ചയായി 15 മാസത്തോളം നീണ്ടു നിൽക്കുന്ന ചികിത്സയ്ക്കായി മുക്കൂട്ടുതറ അസ്സീസ്സിഹോസ്പിറ്റലിലേക്ക് കടന്നുപോകുവാൻതാനും കുടുംബവും ഒരുങ്ങിയിരിക്കുകയാണ്. ഇത്തരുണത്തിൽ ചികിത്സാവിധി പൂർണ്ണമായും ഫലകരമാകുവാനും സഹോദരനു പൂർണ്ണസൗഖ്യം ലഭിക്കേണ്ടതിനുവേണ്ടിയും ഭാരിച്ച സാമ്പത്തീക ആവശ്യങ്ങൾ നിനവേറ്റപ്പെടുന്നതിനും പ്രാർത്ഥനയും നിർലോഭമായ സാമ്പത്തീക സഹകരണവും ഞങ്ങൾ സഭയായി അഭ്യർത്ഥിക്കുന്നു. വിലാസം Johnson Thomas (Eva.), Kaithamangalathu Puthenveedu, Koottala P.O., Chalampadam, Thrissur - 680652, Mob: 9645597338 എന്ന് ബാബു വർഗീസ് (സുവി.), വി.എ. ജോസഫ്, സി. പി. മണി.

**ചെന്നൈ :** ഡോ. റ്റി.ഇ. ഈശോ മാർച്ച് 19 ന് ബാത്ത്റൂമിൽ പോകുന്ന സമയത്ത് ഉണ്ടായ വീഴ്ച മൂലം വലത്തു കൈയ്യ് ഒടിഞ്ഞതിനാൽ ഇപ്പോൾ പ്ലാസ്റ്റർ ഇട്ട് വിശ്രമത്തിൽ കഴിയുന്നു. പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കണമേ. എന്ന് ഷീബാ ഡേവിഡ്.

**വയനാട് :** ചിരാൻ ബ്രദറൺ സഭയിലെ മൂപ്പന്മാരിലൊരാളായ സഹോ. റ്റി.കെ. പീറ്റർ വയറുവേദനയും ശാരീരിക ക്ലേശവും അനുഭവപ്പെട്ടതിനാൽ വൈദ്യപരിശോധനയിൽ കരളിനോട് ചേർന്ന് ഒരു മുഴ വളരുന്നതായി കണ്ടെത്തി. അടിയന്തിരമായി ഒരു ഓപ്പറേഷൻ നടത്തേണ്ടതിനായി കോഴിക്കോട് മിമിസ് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തിരിക്കുന്നു. അദ്ദേഹത്തിന് എത്രയും വേഗം സൗഖ്യം പ്രാപിക്കുവാൻ ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. എന്ന് (സുവി.) ബേബി അബ്രഹാം, പി.സി. മാത്യു, എ.ഐ. ജോർജ്ജ്, യു.എം. ജോർജ്ജ്.

# വെളിപ്പാടു പുസ്തകം - ഒരു പഠനം 6

ഡോ. ഒ. എം. ശമുവേൽ

"ഇതാ അവൻ മേഘാരൂഢനായി വരുന്നു. ഏതു കണ്ണും അവനെ കുത്തിതുളച്ചവരും. അവനെ കാണും. ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെ ചൊല്ലി വിലപിക്കും. ഉവ്വ്. ആമേൻ. (1:7).

യേശുക്രിസ്തുവിന്റെ പുനരാഗമനം വെളിപ്പാടു പുസ്തകത്തിലെ ഒരു കേന്ദ്രവിഷയമാണ്. യേശുക്രിസ്തുവിന്റെ പുനരാഗമനത്തിന്റെ 2 ഘട്ടങ്ങളിൽ അവന്റെ മഹത്വ പ്രത്യക്ഷതയ്ക്കാണ് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത്. യേശുക്രിസ്തു സഭയ്ക്കുവേണ്ടി വരുന്ന വരവും സഭയുമായി ഭൂമിയിലേക്കു വരുന്ന വരവും വേർതിരിച്ചു ഗ്രഹിക്കേണ്ട ഒരു സത്യമാണ്. ചിലരുടെ അഭിപ്രായത്തിൽ വരവിന് 2 പതനങ്ങളില്ല എന്നും വരവ് ഒന്നു മാത്രമേയുള്ളൂ എന്നും പഠിപ്പിക്കാറുണ്ട്. ദൈവവചനം വിഭജിക്കേണ്ടതുപോലെ വിഭജിച്ചു പഠിക്കുമ്പോൾ ഇതു വ്യക്തമായി ഗ്രഹിക്കാവുന്നതേയുള്ളൂ. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം മേഘങ്ങളിൽക്കൂടിയായിരുന്നല്ലോ? അതെ മേഘങ്ങളെ വാഹനമാക്കി വീണ്ടും വരും. "ഗലീലാ പുരുഷന്മാരെ നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിന് സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും" എന്നുള്ള വെള്ള വസ്ത്രധാരികളായ 2 പുരുഷന്മാരുടെ സാക്ഷ്യം പ്രത്യേകം ശ്രദ്ധേയമാണ്. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം സ്വർഗ്ഗത്തിൽ നിന്ന് ഭൂവാസികൾക്ക് ലഭിക്കുന്ന ഒന്നാമത്തെ സന്ദേശമാണിത്. മേഘങ്ങളാൽ കാഴ്ചയ്ക്കു മറയപ്പെട്ട കർത്താവു മേഘങ്ങളിൽക്കൂടി തന്നെ പ്രത്യക്ഷനാകും. വരുന്നു എന്ന് വർത്തമാനകാലത്തിൽ പറഞ്ഞിരിക്കുന്നത് വരും എന്ന ഭാവികാല അർത്ഥത്തിലാണെന്നുള്ളത് വളരെ ലളിതമായ ഒരു സത്യമാണല്ലോ? ഈ പുനരാഗമനം ലോകത്തിലുള്ള സകല ആളുകൾക്കും കാണത്തക്ക നിലയിലുള്ള ഒരു പരസ്യവരമാണ്. അവനെ കുത്തിതുളച്ചവരും അവനെ കാണും എന്നുള്ള പ്രസ്താവന ഗ്രഹിക്കുവാൻ അല്പം പ്രയാസമുള്ളതാണ്. തന്നെ ക്രൂശിൽ തറച്ച ആരും ഈ വരവിൽ ശേഷിച്ചിട്ടില്ലല്ലോ? ഇത് യിസ്രായേൽ ജാതിയോടുള്ള ബന്ധത്തിലാണെന്ന് വ്യക്തമാക്കുന്നു. "ഞാൻ ദാവീദുഗൃഹത്തിന്മേലും യെരുശലേം നിവാസികളുടെമേലും കൃപയുടെയും യാചനകളുടെയും ആത്മാവിനെ പകരും. തങ്ങൾ കുത്തീട്ടുള്ളവങ്കലേക്ക് അവർ നോക്കും. ഏകജാതനെക്കുറിച്ച് വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ച് വിലപിക്കും. ആദ്യജാതനെക്കുറിച്ച് വ്യസനിക്കുന്നതുപോലെ അവർ അവനെക്കുറിച്ച് വ്യസനിക്കും" (സെഖ. 12:10). സഭയ്ക്കുവേണ്ടിയുള്ള വരവ് സഭയുടെ അംഗങ്ങളായിട്ടുള്ളവർ മാത്രമേ കാണുകയുള്ളൂ. അവർക്കു മാത്രമേ ആ വരവിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ. ഈ ആശയം ഗ്രഹിക്കാൻ അല്പം ബുദ്ധിമുട്ടുണ്ടെങ്കിലും പൗലൊസിന്റെ ദമസ്കൊസിലേക്കുള്ള യാത്രയിൽ യേശുക്രിസ്തുവിന്റെ ദർശനം ഉണ്ടായി എങ്കിലും തന്റെ കൂടെയുണ്ടായിരുന്ന ആർക്കും അതു ഗ്രഹിക്കുവാൻ സാധിച്ചിരുന്നില്ലല്ലോ?

കർത്താവിനെ യിസ്രായേൽ ജാതി മാത്രമല്ല ദർശിക്കുന്നത് ഭൂമിയിലെ ഗോത്രങ്ങൾ ഒക്കെയും അവനെ ചൊല്ലി വിലപിക്കും. ലോകത്തിൽ അന്നു ജീവിച്ചിരിക്കുന്ന സകല ആളുകൾക്കും ഈ വരവ് കാണാൻ കഴിയും. എന്നാൽ അവർ എന്തുകൊണ്ടാണ് വിലപിക്കുന്നത്. കാരണം യേശുക്രിസ്തു ഭൂമിയെ ന്യായം വിധിച്ച് തന്റെ രാജ്യം സ്ഥാപിക്കാനുള്ള വരവാണ്. കുഞ്ഞാടിന്റെ കോപത്തിനു മുമ്പാകെ നിൽക്കുവാൻ കഴിയാത്തവർ വിലപിക്കും. ഒരുപക്ഷേ അവർ മരണത്തിനുവേണ്ടി ആഗ്രഹിക്കും. അതുകൊണ്ടാണ് മലകളോടും പാറകളോടും അവരുടെ മേൽ വന്നു വീഴുവാൻ കരഞ്ഞപേക്ഷിക്കുന്നത്. എന്നാൽ ആ സമയം മലകൾ ചലിക്കുകയില്ല. പാറകൾ നിങ്ങൾക്ക് അഭയം തരികയില്ല. കുഞ്ഞാടിന്റെ കോപ ദിവസത്തിൽ അവന്റെ മുമ്പാകെ നിന്നേ മതിയാകൂ. ഈ വരവിനോടുള്ള ബന്ധത്തിലുള്ള പ്രതികരണം ഉവ്വ് ആമേൻ എന്നാണ്. അങ്ങനെ തന്നെ കർത്താവേ വന്നാലും എന്നായിരിക്കും അവന്റെ മക്കളുടെ പ്രതികരണം.

"ഞാൻ അല്ഫയും ഒമേഗയും ആകുന്നു എന്ന് ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു." (1:8). ഈ വാക്കുകൾ കർത്താവിന്റെ വാക്കുകളായി തന്നെ പരിഗണിക്കാം. ഗ്രീക്കുഭാഷയുടെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങളോടുള്ള ബന്ധത്തിൽ യേശുക്രിസ്തു തന്നെക്കുറിച്ച് തന്നെ സംസാരിക്കുകയാണ്. ഭാഷയുടെ ഉദ്ദേശ്യം എന്താണ്. ആശയം വെളിപ്പെടുത്തുക. യേശുക്രിസ്തുവാണല്ലോ ദൈവിക വെളിപ്പാടിന്റെ ആരംഭവും അവസാനവും. അവൻ ആദിയിൽ ഉണ്ടായിരുന്ന വചനമായിരുന്നു. ഈ വെളിപ്പാടിന്റെ ആരംഭവും അവസാനവും യേശു

# കൃപ എന്ന വിശിഷ്ട വിഷയം – 9

കെ.വി. ജോൺ, തിരുവല്ല

## കൃപയാലുള്ള വിളി

അപ്പൊസ്തലനായ പൗലൊസ് തന്റെ വിളിയെക്കുറിച്ച് എഴുതിയിരിക്കുന്ന ഭാഗം ശ്രദ്ധിക്കുക. "എങ്കിലും എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം...." (ഗലാ 1:15). ഗലാത്യസഭകളിലുള്ള വിശുദ്ധന്മാരെ അവരുടെ വിളിയെക്കുറിച്ച് ഓർമ്മിപ്പിക്കുമ്പോഴും "ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ .... (ഗലാ 1:6) എന്ന് എഴുതിയിരിക്കുന്നു. ഇതിന്റെ ആശയം ദൈവമക്കളായിത്തീർന്ന ഏവരെയും ദൈവം വിളിച്ചത് ദൈവകൃപയാൽ മാത്രമാണെന്നാണ്. ലോകപ്രകാരം നോക്കുമ്പോൾ പലരും പലരേയും വിളിക്കുന്നു. ചിലരെ ജോലി നൽകുവാനായി, മറ്റുചിലരെ ചില പ്രത്യേക പദവികൾ നൽകാനായി, വേറെ ചിലരെ പാരിതോഷികങ്ങൾ കൊടുക്കാനായി. അപ്രകാരമുള്ള വിളികളെല്ലാം അർഹതയുടേയോ യോഗ്യതയുടേയോ മാത്രമല്ല കടപ്പാടുകളുടേയോ അടിസ്ഥാനത്തിലായിരിക്കും. എന്നാൽ ദൈവം ഒരുവനെ വിളിക്കുന്നത് ഇതിന്റെ ഒന്നിന്റെയും അടിസ്ഥാനത്തിലല്ല. ദൈവം അക്കാര്യം വെളിപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്. "കൃപ ചെയ്‌വാൻ എനിക്കു മനസ്സുള്ളവനോടു ഞാൻ കൃപ ചെയ്യും. കരുണ കാണിപ്പാൻ എനിക്കു മനസ്സുള്ളവന്നു ഞാൻ കരുണ കാണിക്കും" (പുറ. 33:19). പൗലൊസ് ഇക്കാര്യം റോമർ 9:15-ൽ ഉദ്ധരിച്ചിരിക്കുന്നു.

പ്രസ്തുത വിളിയുടെ മറ്റൊരു പ്രത്യേകത നോക്കുക "അവൻ (ദൈവം) മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതനാകേണ്ടതിന് അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു. മുൻനിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു" (റോമർ 8:29,30). വിളിയുടെ പൊടുന്നനവേ (പെട്ടെന്ന്)യുള്ള പ്രയോജനം നീതീകരണമാണ്. പിന്നത്തേതിലെ നേട്ടം തേജസ്കരണമാണ്. എന്നാൽ ഇതിനു പിന്നിൽ വ്യാപരിക്കുന്ന അത്യന്ത ശക്തി ദൈവത്തിന്റേതാണ്. അത് വേണ്ടവണ്ണം ഗ്രഹിക്കുവാൻ ഒരു പക്ഷേ മൺകീടങ്ങളാകുന്ന നമുക്ക് സാധിക്കാതെ പോകുന്നു. അതാണ് ദൈവത്തിന്റെ 'മുൻനിയമനവും വേർതിരിക്കലും' (Predestination and separation). മുൻ നിയമനത്തിനു പിന്നിൽ മറ്റൊരു ദിവ്യശക്തികൂടി വ്യാപരിക്കുന്നു. അതാണ് മുൻഅറിവ് (foreknowledge). അങ്ങനെ മുൻഅറിവും മുൻനിയമനവും വേർതിരിക്കലും കൂടെ ഒത്തു പ്രവർത്തിച്ചപ്പോൾ 'വിളി'യുണ്ടായി. അതും കൃപയാൽ. ഇതെത്ര അത്ഭുതമായിരിക്കുന്നു. ഇതെല്ലാം ഓർത്തായിരിക്കണം ദാവീദു പറയുന്നത് "ദൈവമേ, നിന്റെ വിചാരങ്ങൾ എനിക്ക് എത്ര ഘനമായവ! അവയുടെ ആകെത്തുകയും എത്ര വലിയത്'' (സങ്കീ. 139:17). പൗലൊസ് ദൈവീക ജ്ഞാനത്തെക്കുറിച്ച് എഴുതുന്നു. "ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവുമാകുന്നു. കർത്താവിന്റെ മനസ്സ് അറിഞ്ഞവൻ ആർ" (റോമർ 11:33). ഇത്യാദികാര്യങ്ങൾ ദൈവാത്മാവിന്റെ സഹായത്താൽ തിരുവെഴുത്തിലൂടെ മനസ്സിലാകുംതോറും ഒരു വിശ്വാസിയുടെ ഹൃദയം നന്ദികൊണ്ടു നിറയുന്നു. മാത്രമല്ല, അവന്റെ വിളിയെ ഓർത്ത് അനവധി തവണ സ്തോത്രം ചെയ്‌വാൻ പ്രേരിതനാകുകയും ചെയ്യുന്നു.

കൂടാതെ എപ്പോൾ വേർതിരിച്ചു? എപ്പോൾ വിളിച്ചു? ഇത്യാദി വിഷയങ്ങൾ ഓർക്കും തോറും അത്ഭുതം വർദ്ധിക്കുന്നു. തന്റെ വിളിയെക്കുറിച്ച് പൗലൊസ് പറയുന്നത് "എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു കൃപയാൽ വിളിച്ചു" എന്നാണ്. ജനനം മുതൽ എന്ന് മലയാള ഭാഷയിൽ വിവർത്തനം ചെയ്തിരിക്കുന്ന ഭാഗം മൂലഭാഷയിൽ അമ്മയുടെ ഉദരത്തിൽ വെച്ചുതന്നെ എന്ന് വിവർത്തനം ചെയ്യാവുന്ന നിലയിൽ ആണ് കാണുന്നത്.

---

ക്രിസ്തു തന്നെ (1,22). ആകാശഭൂമികളുടെ ആരംഭവും അവസാനവും അവൻ തന്നെ. ഇവയെ സൃഷ്ടിക്കുകയും അവയ്ക്ക് അവസാനം വരുത്തി പുതുവാന ഭൂമി സൃഷ്ടിക്കുന്നതും കർത്താവു തന്നെ. അതുപോലെ രക്ഷയുടെ ആരംഭവും അവസാനവും യേശുക്രിസ്തു തന്നെ. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനും കർത്താവായ യേശുക്രിസ്തു തന്നെ. ഇരിക്കുന്നവനും ഇരുന്നവനും വരുവാനുള്ളവനുമായവൻ എന്ന വിശദീകരണം പിതാവായ ദൈവത്തോടും യേശുക്രിസ്തുവിനോടുള്ള ബന്ധത്തിലും ശരി തന്നെ. പിതാവായ ദൈവത്തിൽ അടങ്ങിയിട്ടുള്ള എല്ലാ സ്വഭാവ വിശേഷണങ്ങളും യേശുകർത്താവിലും ഉണ്ട്. അതുപോലെ യേശുക്രിസ്തുവിനോടുള്ള ബന്ധത്തിലും സർവ്വശക്തിയുള്ള ദൈവമായ കർത്താവ് എന്ന പ്രയോഗം അന്വർത്ഥമാണ്. (തുടരും)

ന്നത്. ഇംഗ്ലീഷ് വിവർത്തനം (Separated me from my mother's womb and called me by His grace) എന്നാണ്. എന്നാൽ ഈ വേർതിരിക്കലും വിളിയും പൗലൊസ് അറിയുന്നത് താൻ ജനിച്ചതിന് എത്രയോ വർഷങ്ങൾക്കുശേഷമാണ്. കുറഞ്ഞത് 30 വർഷമെങ്കിലും പിന്നിട്ടു കാണും. ദമസ്കൊസിന്റെ സമീപത്തുവെച്ചാണ് അവൻ വിളി കേട്ടത്. ആകാശത്തുനിന്നും അവന്റെ ചുറ്റും മിന്നിയ വെളിച്ചത്തിന്റെ ശക്തിയാൽ ഏറ്റ പ്രഹരം ഹേതുവായി നിലത്തു വീണപ്പോൾ കേട്ടു "ശൗലേ ശൗലേ" എന്നുള്ള വിളി. അതേ! പേർ ചൊല്ലിയുള്ള വിളി തന്നെ. വിളിയോടൊപ്പം തന്നെ അത്ഭുതം കൂറുന്ന ഒരു ചോദ്യവും "നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്" (അ.പ്ര.9:3-4). അപ്രതീക്ഷിതമായുണ്ടായ വിളിയോടും ചോദ്യത്തോടുമുള്ള പൗലൊസിന്റെ പ്രതികരണം അതിലും അത്ഭുതമേറിയത്. "നീ ആരാകുന്നു കർത്താവേ" കർത്താവേ എന്നു വിളിച്ച വ്യക്തിയെ അഭിസംബോധന ചെയ്യുവാനുള്ള അറിവ് അഥവാ വിവേകം അവന് എങ്ങനെ ലഭിച്ചു. ഈ എഴുത്തുകാരൻ ചിന്തിക്കുന്നത് ഇപ്രകാരമാണ്. സ്തെഫാനൊസിനെ കല്ലെറിഞ്ഞു കൊല്ലുന്ന സമയം പൗലൊസ് എറിയുന്നവരുടെ വസ്ത്രം സൂക്ഷിച്ചുകൊണ്ട് സമീപേ നിൽക്കുകയായിരുന്നല്ലോ. അപ്പോൾ സ്തെഫാനൊസിന്റെ കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ എന്നുള്ള പ്രാർത്ഥനയും "കർത്താവേ അവർക്ക് ഈ പാപം നിറുത്തരുതേ" എന്ന ഉച്ചത്തിലുള്ള നിലവിളിയും അവൻ കേട്ടത് മനസ്സിൽ തങ്ങി നിന്നിട്ടുണ്ടാവണം. മാത്രമല്ല ഈ പ്രാർത്ഥനയ്ക്കു മുമ്പേ "ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തു നിൽക്കുന്നതും ഞാൻ കാണുന്നു" എന്ന് അവൻ പറഞ്ഞതും പൗലൊസ് ഓർത്തുകാണണം (അ.പ്ര. 7:54-60). ആകാശത്തുനിന്നും സൂര്യന്റെ പ്രകാശത്തെ കവിഞ്ഞോരു പ്രകാശം" ചുറ്റും മിന്നിയപ്പോൾ സ്വർഗ്ഗം തന്റെ മുമ്പിൽ തുറന്ന പ്രതീതി അവനുണ്ടായികാണും. ശബ്ദം കർത്താവിന്റേതു തന്നെ എന്ന് അവൻ ഉറച്ചു. പ്രതികരണം വിളിക്ക് അനുസാരമായതുതന്നെ. പിന്നെ പൗലൊസ് അവിടെ ഒന്നും പറയുന്നതായി രേഖപ്പെടുത്തിയിട്ടില്ല. കർത്താവ് തുടർന്ന് അവനോട് സംസാരിച്ചു. "നീ എഴുന്നേറ്റ് പട്ടണത്തിൽ ചെല്ലുക; നീ ചെയ്യേണ്ടുന്നത് അവിടെ വെച്ച് നിന്നോടു പറയും" കർത്താവിനെ പൂർണ്ണമായി അനുസരിപ്പാൻ തയ്യാറുള്ള ഒരു വ്യക്തിയായി പൗലൊസ് മാറി. എഴുന്നേറ്റു പക്ഷേ ഒന്നും കാണുന്നില്ല. കണ്ണുതുറന്നാണിരിക്കുന്നതെങ്കിലും കാഴ്ച പൂർണ്ണമായി നഷ്ടപ്പെട്ടു. പിന്നെ എങ്ങനെ പട്ടണത്തിൽ പോകും. പക്ഷേ കൂടെയുള്ളവർ സഹായിച്ചു. അവർ കൈക്കു പിടിച്ച് കൂട്ടിക്കൊണ്ടു പോയി. പട്ടണത്തിൽ യൂദയുടെ വീട്ടിൽ ആക്കി. 3 ദിവസം വിശ്രമം, ഉപവാസം, ഒന്നും തിന്നുമില്ല, ഒന്നും കുടിച്ചുമില്ല. മൂന്നോ അതിലധികമോ ദിവസം ഒന്നും തിന്നാതെ ഇരിക്കാൻ സാധിക്കും. എന്നാൽ ഒന്നും കുടിക്കാതെ ഇരിക്കാൻ സാധിക്കുമോ? സാധിച്ചു. ഇപ്പോൾ അവൻ എന്തു ചെയ്യുകയായിരുന്നു എന്ന് ആരെങ്കിലും ചോദിച്ചാൽ മറുപടി കർത്താവു തന്നെ പറയും. അവൻ പ്രാർത്ഥിക്കുകയായിരുന്നു. "അനന്യാസിനോട് കർത്താവ് ശൗലിനെ പരിചയപ്പെടുത്തിയത് അങ്ങനെയായിരുന്നല്ലോ. അവൻ എന്താണ് പ്രാർത്ഥിച്ചതെന്ന് ഈ എഴുത്തുകാരൻ ഈ ബന്ധത്തിൽ ചിന്തിച്ചപ്പോൾ മനസ്സിലായത്, കർത്താവ് അവരുടെ സമീപേ വരുന്നുവെന്ന് അറിഞ്ഞ കുരുടന്മാരുടെ ഉച്ചത്തിലുള്ള പ്രാർത്ഥനയാണ്. ദാവീദു പുത്രാ! യേശുവേ എന്നോടു കരുണ തോന്നേണമേ" (മത്തായി 9:27-39; മർക്കൊസ് 10:46-48). പ്രാർത്ഥന കേട്ട കർത്താവ് അവനോടു ചോദിച്ചു കാണും "ഞാൻ നിനക്ക് എന്തു ചെയ്തു തരേണം" അവൻ തുടർന്ന് യാചിച്ചു കാണും. "എനിക്കു കാഴ്ച ലഭിക്കേണം" കർത്താവ് ഉത്തരമായി "അവന് ഒരു ദർശനം നൽകി." അനന്യാസ് എന്നൊരു പുരുഷൻ അകത്തു വന്നു താൻ കാഴ്ച പ്രാപിക്കേണ്ടതിനു തന്റെ മേൽ കൈവെക്കുന്നതാണ് അവൻ കണ്ടത്. അവൻ പ്രാർത്ഥനയോടെ അതിനായി കാത്തിരുന്നു. കർത്താവ് അനന്യാസിനെ അങ്ങോട്ട് അയച്ചു. അവൻ പ്രാർത്ഥിച്ചു, കാഴ്ച ലഭിച്ചു. കാഴ്ച ലഭിച്ചപ്പോൾ അവൻ എഴുന്നേറ്റു സ്നാനം ഏറ്റു. ആഹാരം കഴിച്ചു, ബലം പ്രാപിച്ചു, വിളിയോടൊപ്പമുണ്ടായ അനുഭവങ്ങൾ അത്ഭുതാവഹം തന്നെ. വീഴ്ച, എഴുന്നേല്പ്, കാഴ്ചനഷ്ടപ്പെട്ടത്, പരസഹായത്തോടെയുള്ള നടപ്പ്, 3 ദിവസം മുഴുപട്ടിണി, പ്രാർത്ഥന. പിന്നെ കാഴ്ച, ഭക്ഷണം ബലംപ്രാപിക്കൽ. ഇത് വായിക്കുന്ന ഏവനും ദൈവം താങ്കളെ വിളിച്ചുവോ, വിളിച്ചെങ്കിൽ തുടർന്നുണ്ടായ അനുഭവങ്ങളൊക്കെ എപ്രകാരമായിരുന്നു. ഓർത്തുനോക്കുക സ്തോത്രം ചെയ്യുക. (തുടരും)

# ക്രിസ്തീയ ശിഷ്യത്വം -4

Dr. Silas C. Nair, Ernakulam

**ശിഷ്യന്റെ പാനഥാവ്**

"ഗുരുവിന്റെ പുറകെ" എന്നുള്ള തത്വം ശിഷ്യൻ എന്നും ഓർക്കണം. യോർദ്ദാനും മരുഭൂമിയിലെ പരീക്ഷയും കഴിഞ്ഞു. അടുത്ത ഘട്ടം വളരെ ശ്രദ്ധേയമാണ് (ലൂക്കൊസ്. 4:19-30). കർത്താവ് അവൻ വളർന്ന നസറെത്തിൽ വന്നു. പതിവുപോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റു നിന്നു. അവൻ പുസ്തകം വായിച്ചപ്പോൾ എല്ലാവരുടെയും കണ്ണ് അവങ്കൽ പതിഞ്ഞിരുന്നു. അവർ അവനെ പുകഴ്ത്തുകയും അവന്റെ ലാവണ്യവാക്കുകൾ നിമിത്തം ആശ്ചര്യപ്പെടുകയും ചെയ്തു. പക്ഷെ അവരുടെ ഈ മനോഭാവം അധികം നില നിന്നില്ല.

യേശുവിന്റെ വാക്കുകൾ അവരുടെ ജീവിതത്തെ സ്പർശിക്കുവാൻ തുടങ്ങിയപ്പോൾ അവർ അവനെ എതിർത്തു എന്നു മാത്രമല്ല അവനെ കൊന്നുകളവാൻ ഭാവിച്ചു. പക്ഷെ അവൻ അവരുടെ നടുവിൽക്കൂടെ കടന്നുപോയി.

ഗുരുവിനു വരുന്നതു ശിഷ്യനും വരും. കർത്താവ് തന്റെ ശിഷ്യന്മാരോടു പറഞ്ഞു. "ലോകം നിങ്ങളെ പകക്കുന്നു എങ്കിൽ അത് നിങ്ങൾക്ക് മുൻപെ എന്നെ പകച്ചിരിക്കുന്നു എന്ന് അറിവിൻ" (യോഹ. 15:18). മുഖം നോക്കി പ്രശംസിക്കുന്നവർ പുറത്തു കുത്തുന്നവരായിരിക്കും.

പീഡനം പല തരത്തിൽ അനുഭവപ്പെടും. തന്റെ ജീവിതത്തിൽ പൗലൊസിന് സ്വജനത്താലുള്ള ആപത്തും ജാതികളാലുള്ള ആപത്തും ഉണ്ടായി (2 കൊരി, 11:26). പുറമെ നിന്നുള്ള ഉപദ്രവം മനസ്സിലാക്കുവാൻ എളുപ്പമാണ് എന്നാൽ അത് സ്വജനങ്ങളിൽ നിന്നാകുമ്പോൾ അതിന്റെ കാഠിന്യം അധികമായിരിക്കും.

പത്രൊസ് കാരാഗൃഹത്തിൽ നിന്ന് മോചിക്കപ്പെട്ടപ്പോൾ സ്വന്തസഹോദരന്മാരുടെ അടുക്കൽ ചെന്നു. അവരുടെ ഇടയിലുള്ള വരവേല്പ് ഊഷ്മളമായിരുന്നു. ഹൃദ്യമായ കൂട്ടായ്മയും (അ.പ്ര. 12:12). പക്ഷെ ഉപദ്രവിക്കുന്നവർ സ്വന്തജനമെങ്കിൽ പിന്നെ നാം എവിടെ പോകും. കാരാഗൃഹത്തിൽ നിന്ന് പൗലൊസ് എഴുതുന്നു. "എന്റെ ഒന്നാം പ്രതിവാദത്തിൽ ആരും എനിക്കു തുണ നിന്നില്ല. എല്ലാവരും എന്നെ കൈവിട്ടു" (2 തിമൊ. 4:16,17). ചിലപ്പോൾ മനുഷ്യന്റെ വീട്ടുകാർ തന്നെ അവന്റെ ശത്രുക്കൾ ആകാം (മത്തായി 10:34-36). പക്ഷെ ഈ അനുഭവത്തിൽക്കൂടെ കടന്നുപോയ കർത്താവ് എപ്പോഴും നമ്മോടുകൂടെയുണ്ട്. ശിമോന്റെ വീട്ടിൽ ചെന്നപ്പോൾ അവർ കർത്താവിനെ തെറ്റിദ്ധരിച്ചു (ലൂക്കൊസ് 7:39).

**ദുഃഖവും യാതനയും** (ലൂക്കൊസ് 22:39-46; എബ്രാ. 10:7, 2 കൊരി. 12:8 ). ഗത്ശെമനെ ദുഃഖത്തിന്റെയും യാതനയുടെയും സ്ഥലമായിരുന്നു. ഒരു സമ്പൂർണ്ണ സമർപ്പണത്തിന്റെ സ്ഥലവുമായിരുന്നു. തന്റെ പിതാവിന്റെ ഹിതം നിവർത്തിക്കുവാൻ വന്നവനാണവൻ. അവൻ അരുളിച്ചെയ്തു. "ഞാൻ ഭൂമിയിൽ നിന്നെ മഹത്വപ്പെടുത്തി. നീ എനിക്കു ചെയ്‌വാൻ തന്ന പ്രവർത്തി തികച്ചിരിക്കുന്നു. (യോഹ. 17:4).

ഏകാന്തതയുടെ സ്ഥലമായിരുന്നു അവന് ഗത്ശെമനെ. ഗത്ശെമനെയിൽ അവനോടുകൂടെ വേറെ ആരും ഇല്ല. തന്റെ ശിഷ്യന്മാരിൽനിന്നു ഒരു കല്ലേറു ദൂരെ പോയി. പ്രാർത്ഥനയിൽ ദൈവഹിതത്തിന് സമ്പൂർണ്ണമായും അവൻ സമർപ്പിച്ചു.

"എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്?" എന്നുള്ള അവന്റെ നിലവിളി ഇന്നും നമ്മുടെ കാതുകളിൽ അലയടിക്കുന്നില്ലേ? കാൽവറിയിലേക്കുള്ള വാതിൽ ആയിരുന്നു ഗത്ശെമനെ.

നമ്മെ സ്വീകരിക്കേണ്ടതിന് അവൻ കൈവിടപ്പെട്ടു. ആരും സഹായത്തിനില്ലാത്ത അവസ്ഥ അവൻ അറിയുന്നതുപോലെ വേറെ ആരും അറിയുന്നില്ല. അതുകൊണ്ട് അവൻ നമ്മോടു പറയുന്നു. "ഞാൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല (എബ്രാ. 13:5). കൃത്യമായി ഈ വചനം തർജ്ജമ ചെയ്യാൻ വിഷമമാണ്. ആദം ക്ലാർക്ക് എന്ന ഭക്തൻ എഴുതുന്നത്, അക്ഷരീയമായ തർജ്ജമ ഇവിടെ വിഷമമാണ്. ഇങ്ങനെ പറയാം. "ഇല്ല, ഞാൻ നിന്നെ കൈവെടിയുകയില്ല. ഇല്ല, ഞാൻ നിന്നെ ഉപേക്ഷിക്കുകയുമില്ല" യവനഭാഷയുടെ കല്പനാശക്തി അറിവുള്ളവർ നിഷേധാത്മകമായ വാക്കുകൾ ഒന്നിനു പുറകെ ഒന്നായി ഈ വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്നത് മനസ്സിലാകുമ്പോൾ അവയാൽ ആശയം എത്രമാത്രം ദൃഢപ്പെടുത്തിയിരിക്കുന്നു എന്നു കാണാം. ആശയം സ്ഥിരമാക്കിയിരിക്കുന്നു എന്നറിയുകയും ചെയ്യും. ഈ ചെറിയ വാക്യത്തിന് യവനഭാഷയിൽ 5 നിഷേധാത്മക പദങ്ങൾ ഉപയോഗിച്ചാണ് ഒരാശയം സ്ഥിരപ്പെടുത്തിയിരിക്കുന്നത്.

മോശെയുടെ ശിഷ്യനായ യോശുവയ്ക്ക് യഹോവയായ ദൈവം ഈ വാഗ്ദാനം നൽകി. "നിന്റെ ജീവകാലത്ത് ഒരിക്കലും ഒരു മനുഷ്യനും നിന്റെ നേരെ നിൽക്കുകയില്ല. ഞാൻ മോശെയോടുകൂടെ ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരിക്കും. ഞാൻ നിന്നെ കൈവിടുകയില്ല. ഉപേക്ഷിക്കയും ഇല്ല" (യോശുവ.5).

ദാവീദ് തന്റെ പുത്രനായ ശലോമോനോട് പറഞ്ഞു. ബലപ്പെട്ട് ധൈര്യം പൂണ്ട് പ്രവർത്തിച്ചു കൊൾക. ഭയപ്പെടരുത്, ഭ്രമിക്കയും അരുത്. . . .

യഹോവയുടെ ആലയത്തിലെ ശുശ്രൂഷയ്ക്കുള്ള എല്ലാ വേലയും നീവർത്തിക്കുംവരെ അവൻ നിന്നെ കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല (1 ദിന. 28:20).

ഗത്ശെമനെയിൽ താൻ തനിയെ ആണെന്നുള്ള ചിന്ത ശിഷ്യനെ ഭരിക്കും. തന്റെ ഗുരുവും അങ്ങനെ ആയിരുന്നു. അവനെ അനുഗമിക്കുമ്പോൾ ശിഷ്യന്റെ ജീവിതത്തിലും ഗത്ശെമനെയുടെ അനുഭവം ഉണ്ടാകും. പക്ഷെ അവിടെയും കർത്താവ് നിന്നെ കൈവിടുകയില്ല.

പ്രാണവേദനയുടെ സ്ഥലവുമാണ് ഗത്ശെമനെ (ലൂക്കൊസ് 22:44). അവന്റെ വിയർപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളികൾ പോലെ ആയി. പക്ഷെ ശിഷ്യൻ ഒരു കാര്യം ഓർക്കണം. "ദൈവം വിശ്വസ്തൻ, നിങ്ങൾക്ക് കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും (1 കൊരി. 10:13).

സമർപ്പണത്തിന്റെ സ്ഥലമാണിത്. "നിന്റെ ഇഷ്ടം ആകട്ടെ" എന്നതാവണം ശിഷ്യന്റെ ആഗ്രഹം. തനിക്കു വരാനുള്ള വേദനയും ഏകാന്തതയും യാതനയും എല്ലാം കർത്താവ് നേരത്തെ കണ്ടു. എന്നാൽ ആദ്യമെ തന്നെ പിതാവ് തനിക്കു മുൻപെ ചെയ്തിരുന്ന മാർഗ്ഗം മനപ്പൂർവ്വമായി കർത്താവു തിരഞ്ഞെടുത്തു. തന്റെ മുഖം തീക്കല്ലുപോലെ തിരിച്ചു (യെശ. 50:7). യെരുശലേമും ക്രൂശുമായിരുന്നു തന്റെ ലക്ഷ്യം. ഇപ്പോൾ ഗത്ശെമനെയിൽ അവസാനമായി പിതാവിന്റെ ഹിതത്തിന് തന്നെത്താൻ സമർപ്പിക്കുന്നു.കാൽവറിയിലേക്കുള്ള വാതിലാണു ഗത്ശെമനെ.

ഗബ്ബഥാ ആയിരുന്നു അടുത്ത സ്ഥലം (യോഹ. 19:13; 1 കൊരി. 4:9-13). നിന്ദയുടെയും പരിഹാസത്തിന്റെയും സ്ഥലമാണിത്. പരിഹസിച്ചു തീർന്ന ശേഷമാണ് (മത്തായി 27:31) അവർ അവനെ ക്രൂശിപ്പാൻ കൊണ്ടുപോയത്. മനുഷ്യന്റെ നിഘണ്ടുവിൽ പരിഹാസത്തോടുള്ള ബന്ധത്തിന് വേറെ വാക്കുകളില്ല. ക്ഷമയോടുകൂടെ കർത്താവ് എല്ലാം സഹിച്ചു.

കർത്താവിന്റെ സാക്ഷ്യം നിമിത്തം ശിഷ്യനും ഈ നിന്ദയും പരിഹാസവും സഹിക്കേണ്ടി വരും. അവൻ തളരാതെ മുന്നേറണം. ഗോൽഗോത്താ (യോഹ. 19:17; ലൂക്കൊസ് 23:33; ഗലാ. 2:20). തന്റെ ഉദ്ദിഷ്ടസ്ഥലത്ത് യേശു വന്നു ചേർന്നു. അവർ അവനെ ഗോൽഗോത്തയിൽ കൊണ്ടുവന്നു.

അനേകർക്കുവേണ്ടി മരിക്കുവാനും അങ്ങനെ പിതാവിന്റെ ഹിതം നിറവേറ്റുവാനുമാണ് പുത്രൻ വന്നത്. തന്നെത്താൻ ത്യജിച്ച് ജീവൻ വെടിയുന്നതു മൂലമാണ് സമൃദ്ധിയായ ജീവൻ (ലൂക്കൊസ് 14:26; മത്തായി 10:39). സ്വന്തജീവനെ പകക്കാതിരിക്കുന്നവന് യേശുവിന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല. ജീവനെ കണ്ടെത്തിയവൻ അതിനെ കളയും. എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും എന്നാണ് ഗുരു പറഞ്ഞത്. വരുവാനുള്ള ലോകത്തിലെ സമൃദ്ധിയായി കൊയ്യേണ്ടതിന് ശിഷ്യൻ ഈ ലോകത്തിൽ കർത്താവിന്റെ സേവനത്തിൽ തന്റെ ജീവനെ invest ചെയ്യുന്നു.

ക്രിസ്തീയ ശിഷ്യത്വം ലഘുവായി ചിന്തിക്കേണ്ടതല്ല. അത് എളുപ്പവുമല്ല. പക്ഷേ കർത്താവ് എപ്പോഴും കൂടെയുണ്ടാകും. താൻ പോകാത്ത വഴിയിൽ കർത്താവ് ശിഷ്യനെ നയിക്കുകയില്ല. അവൻ മുൻപെ നടക്കുന്നു. അവനിൽ ആശ്രയിച്ചു പുറകെ നടക്കുക. അവനെ അനുഗമിക്കുവാൻ ഒരു നിബന്ധനയും ശിഷ്യൻ മുൻപിൽ വെക്കരുത്.

അവന്റെ വിളിയില്ലാതെ വരുന്നവരുണ്ട്. 3 യുവാക്കൾ തന്നെ പിന്തുടരുവാൻ ആഗ്രഹിച്ചത് കർത്താവുതന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ട് (ലൂക്കൊസ് 9:57-62).

അവൻ വഴിപോകുമ്പോൾ ഒരുത്തൻ അവനോട് നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കും എന്നു പറഞ്ഞു. കുറുനരികൾക്ക് കുഴിയും. ആകാശത്തിലെ പറവജാതിക്ക് കൂടും ഉണ്ട് എന്ന് കർത്താവ് ഉത്തരം പറഞ്ഞു. മനുഷ്യപുത്രനു തല ചായ്പ്പാൻ ഇടമില്ല. നാം കർത്താവിനെ അനുഗമിക്കുന്നത് അവനിൽനിന്ന് എന്തെങ്കിലും ലഭിപ്പാനല്ല. വേറൊരുവൻ "ഞാൻ മുമ്പെ പോയി എന്റെ അപ്പനെ കുഴിച്ചിടുവാൻ അനുവാദം തരേണം എന്നു പറഞ്ഞു" നമ്മുടെ കുടുംബം ആയിരിക്കരുത് കർത്തൃസേവയിൽ നമ്മുടെ മുൻഗണന. വേറൊരുവന്റെ ആഗ്രഹം "ആദ്യം എന്റെ വീട്ടിലുള്ളവരോടു യാത്ര പറവാൻ അനുവാദ"മാണ്. മറ്റുള്ളവരുടെ അനുവാദം കാത്തു നിൽക്കേണ്ടുന്ന ആവശ്യവുമില്ല. കർത്താവു വിളിച്ചപ്പോൾ അപ്പൊസ്തലൻ "മാംസരക്തങ്ങളോട് ആലോചിച്ചില്ല" (ഗലാ. 1:16-17).

ശിഷ്യന്റെ പന്ഥാവ് ബുദ്ധിമുട്ടുള്ളതാണ്. എന്നാൽ കർത്താവ് മുമ്പെ നടന്ന വഴി നമ്മൾക്ക് ഉത്തേജനം നൽകുന്നു. യോർദ്ദാനിൽ തുറന്ന സ്വർഗ്ഗത്തിൽ നിന്ന് പിതാവിന്റെ സാക്ഷ്യമുണ്ടായിരുന്നു. "ഇവൻ എന്റെ പ്രിയപുത്രൻ" മരുഭൂമിയിലെ പരിശോധനയിൽ ജയമുണ്ട്. പീഢനത്തിനുശേഷം സമാധാനം. എന്നാൽ വിശ്വാസം ശക്തിപ്പെടും. ഗത്ശെമനെയിൽ സ്വർഗ്ഗീയ ദൂതന്റെ ശുശ്രൂഷയുണ്ട്. നിന്ദയും പരിഹാസവും കാൽവറിയും ഉണ്ടാകും. എന്നാൽ അന്ത്യത്തിൽ ജയം നിശ്ചയമാണ്. മരണമുണ്ടെങ്കിൽ പുനഃരുത്ഥാനവും. (തുടരും)

ചിന്താസരണി

# തളർത്തുവാൻ ശ്രമിക്കുമ്പോഴും തഴച്ചു വളരുന്ന വർഗം

ഉമ്മൻ ജോർജ്ജ്, തിരുവനന്തപുരം

"എന്നാൽ അവർ പീഢിപ്പിക്കുന്തോറും ജനം പെരുകി വർദ്ധിച്ചു" (പുറ. 1:12)

ബൈബിളിലെ ആദ്യഗ്രന്ഥമായ ഉല്പത്തി സൃഷ്ടികർമ്മത്തിന് പൊതുവേ പ്രാധാന്യം കൊടുക്കുമ്പോൾ രണ്ടാമത്തെ പുസ്തകമായ 'പുറപ്പാട്' വീണ്ടെടുപ്പ് എന്ന വിഷയത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.

മനുഷ്യജീവിതത്തിന്റെ ഒന്നുമില്ലായ്മയുടെ ഒരു ചിത്രമാണ് 6-ാം വാക്യത്തിൽ നാം ദർശിക്കുന്നത്. യോസേഫും സഹോദരന്മാരെല്ലാവരും ആ തലമുറയൊക്കെയും മരിച്ചു. ജ്ഞാനികളുടെ ജ്ഞാനിയായ ശലോമോനും ഈ സത്യം മറ്റൊരു ഭാഷയിൽ പറയുന്നുണ്ട്. "ഒരു തലമുറ പോകുന്നു, മറ്റൊരു തലമുറ വരുന്നു" (സ. പ്ര. 1:4). ആയതിനാൽ ദൈവജനമേ, സകലവും മായയായ ഈ ലോകത്തിൽ നമുക്കു ലഭിക്കുന്ന നാളുകൾ ദൈവനാമമഹത്വത്തിനായി ജീവിക്കാം. പുതിയനിയമഭക്തനായ സ്തെഫാനൊസ് അങ്ങനെ ജീവിച്ച് നമുക്ക് മാതൃകയായിത്തീർന്നു.

"അനന്തരം യോസേഫിനെ അറിയാത്ത പുതിയോരു രാജാവ് മിസ്രയീമിൽ ഉണ്ടായി" എന്നാണ് 8-ാം വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യിസ്രായേല്യരോടു ചെയ്യാവുന്ന സകല ദോഷങ്ങളും ഈ രാജാവിന്റെ ആശീർവ്വാദത്തോടുകൂടെ മിസ്രയീമ്യർ ചെയ്തു. ഇതിൽ നിന്നും നമുക്കു മനസ്സിലാക്കാവുന്ന ഒരു സത്യം ലോകത്തിനുവേണ്ടി നാം എന്തെല്ലാം ചെയ്താലും ആ പ്രവർത്തികൾകൊണ്ടു ഫലം ഉണ്ടാവുകയില്ല, മറിച്ച് കർത്താവിനുവേണ്ടി നാം എന്തെങ്കിലും ചെയ്താൽ ആ പ്രവൃത്തി നമ്മെ പിൻതുടരും (വെളി. 14:13).

അത്യന്തം കഠിനവേലകൾ ചുമത്തി യിസ്രായേല്യരുടെ മനോവീര്യം നശിപ്പിക്കുവാൻ ഫറവോനും കൂട്ടരും ശ്രമിച്ചെങ്കിലും ജനം വർദ്ധിച്ചു (വാ. 12). ഇതിൽ ഭയവിഹ്വലരായിത്തീർന്ന മിസ്രയീമ്യ അധികാരികൾ മറ്റൊരു സാത്താന്യ അടവു പ്രയോഗിച്ചു. എബ്രായ സ്ത്രീകൾക്കു പിറക്കുന്ന ആൺകുഞ്ഞുങ്ങളെ കൊല്ലുക എന്നതായിരുന്നു ആ പദ്ധതി. സുവിശേഷങ്ങളിൽ നാം പരിചയപ്പെടുന്ന ഹെരോദാ രാജാവും ഇതേ അടവു പയറ്റി നോക്കി. എന്നാൽ യഹൂദന്മാരുടെ രാജാവായി പിറന്ന യേശു എന്ന പൈതലിനെ തൊടുവാൻ പോലും അവനു കഴിഞ്ഞില്ല. ദൈവജനത്തെ വിഴുങ്ങുവാൻ റോന്തു ചുറ്റി നടക്കുന്ന സാത്താൻ ഒരുനാളും ജയിക്കുകയില്ല.

നാം അവരോട് (യിസ്രായേൽ മക്കൾ) ബുദ്ധിയായി പെരുമാറുക എന്ന് പുതിയ ഫറവോ രാജാവ് പറയുന്നതായി 10-ാം വാക്യത്തിൽ നാം വായിക്കുന്നു. എന്നാൽ അവരുടെ ബുദ്ധി പ്രയോഗങ്ങൾ ഒക്കെയും ഭോഷത്വമായി പരിണമിച്ച ചരിത്രമാണ് നാം കാണുന്നത്. "ജ്ഞാനികളുടെ ജ്ഞാനം ഞാൻ (ദൈവം) നശിപ്പിക്കുകയും ബുദ്ധിമാന്മാരുടെ ബുദ്ധി ദുർബലമാക്കുകയും ചെയ്യും എന്ന് എഴുതിയിരിക്കുന്നുവല്ലോ" എന്ന് പൗലൊസ് അപ്പൊസ്തലൻ പറയുന്നുണ്ട്. (1 കൊരി. 1:19). ഈ ലോകത്തിന്റെ ജ്ഞാനം ദൈവസന്നിധിയിൽ ഭോഷത്വമാണെന്നും പൗലൊസ് പറയുന്നുണ്ട് (1 കൊരി. 3:19). ആയതിനാൽ ലോകം വ്യക്തിപരമായി നമുക്കോ ദൈവസഭയ്ക്ക് പൊതുവായോ ദോഷം നിരൂപിച്ചാൽ ഭയപ്പെടരുത്. ലോകത്തെയും സാത്താനെയും ജയിച്ച കർത്താവ് നമുക്കായി സ്വർഗ്ഗത്തിൽ ഉപവിഷ്ടനായിരിക്കുന്നു.

ഇനിയും മുകളിൽ ഉദ്ധരിച്ച 12-ാം വാക്യത്തിന്റെ ആഴങ്ങളിലേക്ക് നമുക്ക് കടക്കാം. 12-ാം വാക്യം ആരംഭിക്കുന്നതു തന്നെ, 'എന്നാൽ' എന്ന പദത്തോടുകൂടെയാണ്. 11-ാം വാക്യത്തിൽ മിസ്രയീമ്യ അധികാരികൾ യിസ്രായേല്യരെ വളരെയധികം പീഢിപ്പിക്കുന്നതായി കാണുവാൻ കഴിയും. ഈ പ്രതികൂല സാഹചര്യങ്ങളുടെ മദ്ധ്യത്തിലും എന്നാണ് 12-ാം വാക്യത്തിലെ 'എന്നാൽ' എന്ന വാക്കിന്റെ അർത്ഥം. യോസേഫിന്റെ കാലത്ത് യിസ്രായേൽ മക്കൾ മിസ്രയീം രാജ്യത്തിലേ പ്രജകൾ എന്നപോലെ ആയിരുന്നു. എന്നാൽ ഇപ്പോഴത്തെ ഫറവോ രാജാവ് അവരെ അടിമകളുടെ അവസ്ഥയിലേക്ക് മാറ്റിയിരിക്കുകയാണ്.

എന്നിട്ടും ജനം വർദ്ധിച്ചു പെരുകി അബ്രഹാമിനു ദൈവം കൊടുത്ത വാഗ്ദത്തത്തിന്റെ നിവർത്തിയായി മാത്രമേ നമുക്ക് ഇതിനെ കാണുവാൻ കഴിയുകയുള്ളൂ. ദൈവജനമേ നാം ഉൾപ്പെട്ടു നിൽക്കുന്ന പുതിയനിയമസഭയേക്കുറിച്ചും ഇതു തന്നെ നമുക്കു ധൈര്യമായി പറയുവാൻ കഴിയും. പെന്തക്കോസ്തു നാളിൽ സഭ രൂപീകൃതമായതു മുതൽ സാത്താന്യ ശക്തികൾ അതിനെതിരെ ആഞ്ഞടിച്ചിട്ടുണ്ട്. എല്ലാനൂറ്റാണ്ടുകളിലും അതുണ്ടായിട്ടുണ്ട്. പല ഇസങ്ങളേയും തത്വസംഹിതകളേയും അതിനായി സാത്താൻ അവതരിപ്പിച്ചിട്ടു

# ചരിത്രത്തിലെ ദൈവം

**ജോഷി ജോസഫ്, തിരുവല്ല**

യുദ്ധങ്ങൾ കൊണ്ട് മനുഷ്യർക്ക് എല്ലാ കാലത്തും നഷ്ടങ്ങളും കഷ്ടതകളും ആണ് ഉണ്ടായിരിക്കുന്നത് എങ്കിലും ചരിത്രത്തിൽ നടന്നിരിക്കുന്ന പല യുദ്ധങ്ങളെയും ദൈവം തന്റെ കാര്യപരിപാടികൾക്കായി ഉപയോഗിച്ചിരിക്കുന്നു എന്നത് അത്ഭുതമായി തോന്നാം. 1914 - 1918 വരെയുള്ള കാലയളവിൽ നടന്ന ഒന്നാം ലോകമഹായുദ്ധകാലത്തിന്റെ അവസാനത്തിൽ യിസ്രായേലിനു നഷ്ടപ്പെട്ടിരുന്ന പലസ്തീൻ തിരികെ ലഭിക്കുകയുണ്ടായി. 1939 മുതൽ 1945 വരെ നടന്ന രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ 1948 ൽ യിസ്രായേൽ എന്ന പേരിൽ യഹൂദജാതി തങ്ങളുടെ രാജ്യപ്രഖ്യാപനം നടത്തുകയുണ്ടായി.

തിരുവചനത്തിലെ അവസാനത്തെ പുസ്തകമായ വെളിപ്പാടു പുസ്തകത്തിൽ വരുവാനിരിക്കുന്ന അനവധി യുദ്ധങ്ങളെക്കുറിച്ച് പരാമർശിച്ചിരിക്കുന്നതും ദൈവത്തിന്റെ കാര്യപരിപാടികൾ പൂർത്തീകരിക്കാനാണ് എന്നതിൽ സംശയം ഇല്ല. രൂപത്തിലും ഭാവത്തിലും വ്യത്യാസമുള്ള 2 മൃഗങ്ങളെക്കുറിച്ച് വെളി. 13-ാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. 1 - 10 വരെ സമുദ്രത്തിൽ നിന്നും കയറി വരുന്നതും 11 - 18 വരെയുള്ള വാക്യത്തിൽ കരയിൽ നിന്നും കയറി വരുന്ന മൃഗത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ഈ വിഷയം ദാനിയേൽ പ്രവചനത്തിലും കാണുന്നു (ദാനി. 7:17).

സമുദ്രത്തിൽ നിന്നും കയറിവരുന്ന മൃഗത്തെയാണ് ദാനിയേലും കാണുന്നത്. തിരുവചനം പഠിക്കുമ്പോൾ സമുദ്രത്തെ ജനസമുദായത്തോട് ചിത്രീകരിക്കുന്നു എന്ന് മനസ്സിലാക്കാം (വെളി. 17:15, യെശ. 57:20). ദാനിയേലിന്റെ പ്രവചനത്തിലും വെളിപ്പാടു പുസ്തകത്തിലും സമുദ്രത്തിൽനിന്നും കയറിവരുന്ന മൃഗം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ജനസമുദായങ്ങളിൽനിന്നുണ്ടായി വരുന്ന സാമ്രാജ്യങ്ങൾ ആണെന്ന് മനസ്സിലാക്കാം. ജനസമുദായത്തിൽ നിന്നും ഒന്നാമത്തെ മൃഗമായ സാമ്രാജ്യം ഉടലെടുക്കുന്നത് 4 കാറ്റ് സമുദ്രത്തിൽ അടിച്ചപ്പോൾ ആണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു (ദാനി. 7:2). തിരുവചനത്തിൽ അനേക കാറ്റുകളെക്കുറിച്ച് പറഞ്ഞിട്ടുണ്ട് എങ്കിലും ഇവിടെ കാറ്റ് എന്നതുകൊണ്ട് അർത്ഥം ആക്കുന്നത് യുദ്ധങ്ങൾ, കലാപങ്ങൾ എന്നിവയത്രെ (യിര. 25.31,32). ഒന്നാമത്തെ മൃഗമായ സാമ്രാജ്യം ഉടലെടുക്കുന്നത് ജനസമുദായങ്ങളിൽ ശക്തമായ ഒന്നിലധികം വിപ്ലവങ്ങൾ ഉണ്ടാകുമ്പോൾ ആണെന്ന് മനസ്സിലാക്കാം.

ജനസമുദായങ്ങളിൽ വിപ്ലവത്തിലൂടെ ഉടലെടുക്കുന്ന സാമ്രാജ്യത്തിൽ നിന്നും തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ദൈവത്തിന്റെ പദ്ധതികൾ ഇനിയും ചിലത് നിറവേറപ്പെടേണ്ടതായിരിക്കുന്നു. കരയിൽ നിന്നും കയറിവരുന്ന രണ്ടാമത്തെ മൃഗത്തിനു കുഞ്ഞാടിനുള്ളതുപോലെ കൊമ്പ് ഉണ്ടായിരുന്നു എന്ന് കാണുന്നു (വെളി. 13:11). കൊമ്പ് എന്നത് തിരുവചന വെളിച്ചത്തിൽ അധികാരത്തെ കാണിക്കുന്നു (സങ്കീ.75:4). ജനസമുദായം എന്ന സമുദ്രത്തിൽനിന്നും കയറിവരുന്ന മൃഗം രാഷ്ട്രീയ നേതാവിനെ കാണിക്കുന്നു എന്നാൽ കരയിൽ നിന്നും കയറി വന്ന രണ്ടാമത്തെ മൃഗം ഒരു മതനേതാവിനെയാണ് ഓർമ്മിപ്പിക്കുന്നത്.

രണ്ടാമത്തെ മൃഗത്തിനു കുഞ്ഞാടിനുള്ളതുപോലെ കൊമ്പ് ഉണ്ടായിരുന്നു എങ്കിലും കാര്യമായ വിഷയത്തിലേക്ക് വരുമ്പോൾ മഹാസർപ്പം സംസാരിക്കുന്നതുപോലെ സംസാരിച്ചു എന്ന് കാണുന്നു (വെളി. 13:11). ഇന്നത്തെ ഭരണനേതാക്കന്മാരും എന്തു പറയുന്നു, രക്ഷിക്കപ്പെട്ടവർ എന്നു പറയുന്ന നമ്മിൽ ചിലരെങ്കിലും രണ്ടാമത്തെ മൃഗത്തിന്റെ സ്വഭാവം പ്രകടിപ്പിക്കുന്നവർ ആയി തീർന്നിട്ടില്ലെ? 'യേശുവിനെപ്പോലെ ആകണം' എന്നു പാടുകയും പഴയ പാമ്പിനെപ്പോലെ പ്രവർത്തിക്കുകയും ചെയ്യുന്നവരെ ഓർത്ത് പ്രാർത്ഥിക്കാം. കാലത്തിന്റെ ഗതിവിഗതികളെ മനസ്സിലാക്കി പ്രാവിനെപ്പോലെ നിഷ്കളങ്കരും പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും ആയിരിപ്പാൻ കർത്താവ് സഹായിക്കട്ടെ. ●

---

ണ്ട്. യേശുക്രിസ്തു ഒരു നല്ല ഗുരുവും മാതൃകാപുരുഷനും ആണെന്നു ലോകനേതാക്കന്മാർ പറഞ്ഞാൽ സാത്താന് യാതൊരു വിരോധവും ഉണ്ടാവുകയില്ല. അങ്ങനെയുള്ളവരെ അവൻ പ്രശംസിക്കുകയും ചെയ്യും. എന്നാൽ യേശുക്രിസ്തു ദൈവമാണെന്നു പറഞ്ഞാൽ സാത്താന്റെ നിറം മാറും.

ഇപ്രകാരം സാത്താന്യ ശക്തികൾ തുടർച്ചയായി ആഞ്ഞടിച്ചിട്ടും പീഢകൾ പെരുകിയിട്ടും ദൈവത്തിന്റെ സഭ അനുദിനം വളരുകയാണ്. കാരണം ഒന്നു മാത്രമാണ്. പാതാള ഗോപുരങ്ങൾ സഭയെ ജയിക്കുകയില്ല (മത്തായി 16:18) എന്നരുളിച്ചെയ്ത സഭാകാന്തനായ കർത്താവ് സ്വർഗ്ഗത്തിൽ വല്ലഭനായി വാണരുളുന്നു.

സ്വർഗ്ഗത്തിലെ ഈ സഭയുടെ അംഗങ്ങളായി തീരുവാൻ ഭാഗ്യം ലഭിച്ചതിനാൽ നമുക്കു ദൈവത്തെ സ്തുതിക്കാം. യേശുക്രിസ്തുവിന്റെ വീണ്ടും വരവിനായി ഒരുങ്ങാം. തിരുനാമം വാഴ്ത്തപ്പെടുമാറാകട്ടെ. ●

# പ്രായോഗിക ക്രിസ്തീയ ജീവിതം – 7

തോമസ് ഏബ്രഹാം, അറ്റ്ലാന്റാ

“ദൈവത്തിൽ വിശ്വസിച്ചവർ സത്പ്രവർത്തികളിൽ ഉത്സാഹികളായിരിക്കുവാൻ കരുതേണ്ടതിന് നീ ഇത് ഉറപ്പിച്ചു പറയണം എന്നു ഞാൻ ഇച്ഛിക്കുന്നു. ഇത് ശുഭവും മനുഷ്യർക്ക് ഉപകാരവും ആകുന്നു” (തീത്തൊസ് 3:8). ഇവിടെ നാം നമ്മുടെ യഥാർത്ഥ വിഷയത്തിലേക്ക് വരുകയാണ്. നമ്മെ ദൈവം രക്ഷിച്ച് ഈ ഭൂമിയിൽ ആക്കി വെച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം, നാം സൽപ്രവർത്തികൾ ചെയ്യണം എന്നുള്ളതാണ്. വീണ്ടും ജനിച്ചവൻ വളരണം, ഫലം കായിക്കണം, സൽപ്രവർത്തികളിൽ അധികം ഉത്സാഹികളായിരിക്കണം. “അവൻ നമ്മെ സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്തു സൽപ്രവർത്തികളിൽ ശുഷ്കാന്തിയുള്ളോരു സ്വന്തജനമായി തനിക്ക് ശുദ്ധീകരിക്കേണ്ടതിനു തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു” (തീത്തൊസ് 2:14).

നാം എവിടെ ഏതുവിധമുള്ള സൽപ്രവർത്തികളാണ് ചെയ്യേണ്ടത്. ഒന്നാമതായി നമ്മുടെ വ്യക്തിപരമായുള്ള സ്വഭാവരൂപീകരണത്തിനായി ആത്മീക ഫലം പുറപ്പെടുവിക്കുന്നവരായിരിക്കണം. രണ്ടാമത് സ്വന്ത കുടുംബത്തിൽ സൽപ്രവർത്തിയിൽ മാതൃകയായിരിക്കണം. മൂന്നാമത് സഭയ്ക്കുള്ളിൽ സഹവിശ്വാസികൾക്ക് നന്മ വരുമാറ് സൽപ്രവർത്തികൾ ചെയ്യുന്നവരായിരിക്കണം. നാലാമത് പുറലോകത്തോടുള്ള ബന്ധത്തിൽ സൽപ്രവർത്തികളാൽ നിറഞ്ഞവരായിരിക്കണം. ഇവ എല്ലാറ്റിലൂടെയും നമ്മുടെ രക്ഷിതാവായ കർത്താവായ യേശുക്രിസ്തുവിന്റെ നാമം മഹിമപ്പെടുവാൻ ഇടയാകണം. ഇവ ഓരോന്നും എങ്ങനെ എന്ന് നമുക്ക് തുടർന്നു ചിന്തിക്കാം.

**I വിശ്വാസി ദൈവത്തിന് ആത്മീക ഫലം കായിക്കുന്നവനായിരിക്കണം.**

ഒരു വിശ്വാസിയെക്കുറിച്ച് പുതിയനിയമത്തിൽ പല സാദൃശ്യങ്ങളും കൊടുത്തിട്ടുണ്ട്. വിരുതു പ്രാപിപ്പാൻ ഓട്ടക്കളത്തിൽ ഓടുന്ന ഒരുവൻ, കൃഷിക്കാരൻ, യുദ്ധസേവയിലിരിക്കുന്ന ഒരു ഭടൻ, ഫലം കൊടുക്കുന്ന വൃക്ഷം, മുന്തിരിവള്ളിയിലെ കൊമ്പ്, നല്ലയിടയന്റെ കൈക്കീഴിലെ ആട്, ദൈവത്തിന്റെ കൃഷി, ക്രിസ്തുവിന്റെ മാർമ്മീക ശരീരത്തിലെ അവയവം, ഈ ലോകത്തിന്റെ വെളിച്ചം, തണ്ടിന്മേൽ ഉയർത്തപ്പെട്ടിരിക്കുന്ന വിളക്ക്, ക്രിസ്തുവിന്റെ ദാസൻ, ശിഷ്യൻ, തുടങ്ങി നിരവധി സാദൃശ്യങ്ങൾ കാണാം. ഇതിൽ ഒന്നാണ് വൃക്ഷം. വൃക്ഷത്തിൽ നിന്നും ഉദ്ദേശിക്കുന്നതു ഫലമാണ്.

നാം മുമ്പ് കാട്ടുമരങ്ങളായിരുന്നു. അഥവാ ദൈവത്തിനു ഫലം കായ്ക്കാത്ത ജാതികൾ ആയിരുന്നു. എന്നാൽ ദൈവം തിരഞ്ഞെടുത്ത ജാതിയാണ് ദൈവജനം. അവർ യിസ്രായേല്യർ, പുത്രത്വവും തേജസ്സും നിയമങ്ങളും ന്യായപ്രമാണവും ആരാധനയും വാഗ്ദത്തങ്ങളും അവർക്കുള്ളവ. പിതാക്കന്മാരും അവർക്കുള്ളവർ തന്നെ; ജഢപ്രകാരം ക്രിസ്തുവും അവരിൽ നിന്നല്ലോ ഉത്ഭവിച്ചത്; അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നേയ്ക്കും വാഴ്ത്തപ്പെട്ടവൻ, ആമേൻ (റോമർ 9:4–5). എന്നാൽ യിസ്രായേലിൽ നിന്ന് ഉത്ഭവിച്ചവർ എല്ലാ യിസ്രയേല്യരും അബ്രഹാമിന്റെ സന്തതി ആകയാൽ എല്ലാവരും മക്കൾ എന്നും വരികയില്ല.’’ അബ്രഹാമിനും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു. സന്തതികൾക്കും എന്ന് അനേകരെക്കുറിച്ചല്ല; നിന്റെ സന്തതിക്കും എന്ന ഏകനെക്കുറിച്ചത്രെ പറയുന്നത്. അത് ക്രിസ്തു തന്നെ (ഗലാ. 3:16). അബ്രഹാമിന്റെ സന്തതിക്ക് ദൈവം വാഗ്ദത്തങ്ങൾ നൽകി ആ അനുഗ്രഹം ലഭിച്ചിരിക്കുന്നത് കർത്താവായ യേശുക്രിസ്തുവിനാണ്. കർത്താവായ യേശുക്രിസ്തുവിനോടുള്ള ബന്ധത്തിൽ അവന്റെ വംശാവലി രേഖപ്പെടുത്തിയിരിക്കുന്നതു അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി (മത്തായി 1:1) എന്നാണ്. വാഗ്ദത്തങ്ങളോടുള്ള ബന്ധത്തിൽ യേശുക്രിസ്തു അബ്രഹാമിന്റെ സന്തതിയാണ്. ‘‘അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു; അതു അവന്നു നീതിയായി കണക്കിട്ടു; അതുകൊണ്ട് വിശ്വാസികളത്രെ അബ്രഹാമിന്റെ മക്കൾ” (ഗലാ. 3:6–7), നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്നുള്ള സുവിശേഷം അബ്രഹാമിനോട് മുമ്പുകൂട്ടി അറിയിച്ചു. അങ്ങനെ വിശ്വാസികൾ, വിശ്വാസിയായ അബ്രഹാമിനോടുകൂടെ അനുഗ്രഹിക്കപ്പെടുന്നു (ഗലാ. 3:8–9). ഈ സത്യത്തെ പരിശുദ്ധാത്മാവിനാൽ നമ്മിൽ സ്പഷ്ടമാക്കിയിരിക്കുന്നു. അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കു വരേണ്ടതിനു നാം ആത്മാവെന്ന വാഗ്ദത്ത വിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നെ (ഗലാ. 3:14). വിശ്വസിക്കുന്നവർക്കു വാഗ്ദത്തം യേശുക്രിസ്തുവിലെ വിശ്വാസത്താൽ ലഭിക്കേണ്ടതിനു തിരുവെഴുത്ത് എല്ലാവരേയും പാപത്തിൻ കീഴെ അടച്ചു കളഞ്ഞു (ഗലാ. 3:22). ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്ന

# ദൈവത്തെ ഭയപ്പെട്ട സൂതികർമ്മിണികൾ

ലതാ രവി, ആസ്സാം

യോസേഫിനെ അറിയാത്ത പുതിയൊരു മിസ്രയിം രാജാവു മിസ്രയീമിൽ ഉണ്ടായി. അവൻ തന്റെ ജനത്തോട് "യിസ്രായേൽ ജനം നമ്മെക്കാൾ ബാഹുല്യവും ശക്തിയുമുള്ളവരാകുന്നു. അവർ പെരുകി യുദ്ധമുണ്ടായാൽ നമ്മുടെ ശത്രുക്കളോടു ചേർന്നു നമ്മോടു പൊരുതി ഈ രാജ്യം വിട്ടുകളയുവാൻ സംഗതി വരാതിരിക്കേണ്ടതിനു നാം അവരോടു ബുദ്ധിയായി പെരുമാറുക"

അങ്ങനെ മിസ്രയീമ്യർ യിസ്രായേൽ മക്കളെക്കൊണ്ടു കഠിനവേല ചെയ്യിച്ചു അവരുടെ ജീവനെ കൈപ്പാക്കി. രണ്ടാമതു യിസ്രായേൽ മക്കൾക്കെതിരെ ഫറവോനെടുത്ത തീരുമാനം എബ്രായരുടെ ആൺകുട്ടികളെയൊക്കെയും കൊല്ലുക. അതിനായി ശിപ്രാ, പൂവാ എന്ന 2 എബ്രായ സൂതികർമ്മിണികളെ വിളിച്ചു കല്പിച്ചു അവരോടു പറഞ്ഞതു ആണാകുന്നുവെങ്കിൽ അതിനെ കൊല്ലുക. പെണ്ണാകുന്നുവെങ്കിൽ ജീവനോടിരിക്കട്ടെ. എന്നാൽ സൂതികർമ്മിണികൾ ദൈവത്തെ ഭയപ്പെട്ടു. ഈ സ്ത്രീകൾ എബ്രായ സ്ത്രീകളായിരുന്നുവെന്നോർക്കണം. അവർ മിസ്രയീം ദേശത്തു ഫറവോന്റെ അടിമത്വത്തിലാണ്. വളരെ പ്രശംസിക്കത്തക്ക ജോലിയൊന്നുമല്ല അവർ ചെയ്തിരുന്നത്. എന്നാൽ ഫറവോന്റെ ആജ്ഞയെക്കാളുപരി ആ സ്ത്രീകൾ ദൈവത്തെ മാനിച്ചു. എന്റെ ദൈവത്തിനു അനിഷ്ടമാകുമോയെന്നു പരിശോധിച്ചു, ദൈവത്തെ മാനിച്ചു. മിസ്രയീം രാജാവു തങ്ങളോടു പറഞ്ഞതുപോലെ ചെയ്യാതെ ആൺകുട്ടികളെ ജീവനോടെ രക്ഷിച്ചു. തങ്ങളുടെ ജീവനെ അവർ ഭയന്നില്ല. രാജാവിന്റെ ആജ്ഞ തള്ളിക്കളഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി. എന്നാൽ ഫറവോന്റെ മുമ്പിൽ അവർക്ക് വീണ്ടും ചെല്ലേണ്ടി വന്നു. ആൺകുട്ടികളെ ജീവനോടെ രക്ഷിക്കുന്നതെന്തു എന്ന ചോദ്യത്തിനു മുമ്പിൽ വളരെ ജ്ഞാനത്തോടും വിവേകത്തോടും അവർ "ഞങ്ങൾ അവരുടെ അടുക്കൽ എത്തും മുൻപെ അവർ പ്രസവിച്ചു കഴിയും എന്നു ഉത്തരം നൽകി. എന്നാൽ ദൈവത്തെ ഭയപ്പെടുകയാൽ ദൈവം അവർക്കു നന്മ ചെയ്തു" (പുറ 1:20). മാത്രവുമല്ല ദൈവം അവർക്ക് കുടുംബ വർദ്ധനയും നൽകി.

നാമും ആയിരിക്കുന്ന സ്ഥാനങ്ങളിൽ നമ്മെ ഏല്പിച്ച ഉത്തരവാദിത്തങ്ങളിൽ, ജോലിയിൽ ഒക്കെ നാമും ദൈവത്തെ ഭയപ്പെട്ടുകൊണ്ടു വിശ്വസ്തരായിരിക്കേണ്ടതുണ്ടു. ആ സ്ഥാനങ്ങളിൽ തീർച്ചയായും ദൈവം നമുക്ക് നൻമ നൽകി അനുഗ്രഹിക്കും. ചേതം വന്നാലും കർത്താവിനുവേണ്ടി നിൽക്ക. സൂതികർമ്മിണികൾ മിസ്രയീം രാജവിന്റെ കല്പന അനുസരിച്ചില്ലെങ്കിൽ ജീവനെയായിരുന്നു നഷ്ടമാക്കേണ്ടിയിരുന്നത്. എന്നാൽ ദൈവം അവരുടെ തലമുടിനാരിഴ പോലും തൊടുവാൻ അനുവദിച്ചില്ല. അവരെ അനുഗ്രഹിക്കയും ചെയ്തു.

തങ്ങളുടെ ജീവനുള്ള ദൈവത്തെക്കാളുപരി ഫറവോന്റെ ആജ്ഞയോ? ഒരിക്കലും ഞങ്ങളതു ചെയ്യില്ലായെന്ന തീരുമാനം ആണ് അവർ എടുത്തത്. നമ്മെ ആക്കി വെച്ചിരിക്കുന്ന സ്ഥലങ്ങളിൽ ദൈവത്തെ സ്നേഹിച്ചും നാമാരാണെന്ന് ഓർത്തു ദൈവത്തെ ഭയപ്പെട്ടു അവന്റെ ഹിതം ചെയ്യുവാൻ എല്ലാ സഹോദരിമാരേയും ദൈവം സഹായിക്കുമാറാകട്ടെ.

---

### ബൈബിൾ ട്രെയിനിംഗ് സെന്റർ- കണ്ണൂർ

മലബാറിൽ ഒരു ബൈബിൾ ട്രെയിനിംഗ് സെന്റർ ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ബൈബിൾ പഠിക്കുവാനും ജീവിതാനുഭവമാക്കുവാനും സഹായിക്കുന്ന ഈ സെന്ററിൽ കമ്പ്യൂട്ടർ പരിശീലനവും സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകളും ഉണ്ടായിരിക്കുന്നതാണ്. മീഡിയം - ഇംഗ്ലീഷ്, മലയാളം. ഇന്ത്യയിലും ഇന്ത്യയ്ക്ക് വെളിയിലുള്ള കർത്തൃദാസന്മാർ ക്ലാസ്സുകൾ എടുക്കുന്നതാണ്. 2010 ജൂലൈ 5 ന് ക്ലാസ്സുകൾ ആരംഭിക്കുന്നു. അപേക്ഷാഫോറത്തിനും പ്രോസ്പെക്ടസിനും എബനേസർ ട്രെയിനിംഗ് സെന്റർ, മുണ്ടന്നൂർ, ഉളിക്കൽ, കണ്ണൂർ - 670 705 എന്ന അഡ്രസിൽ ബന്ധപ്പെടുക. എന്ന് സന്തോഷ് ഗിൽബർട്ട്, ഉളിക്കൽ.

---

നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു (ഗലാ.3:27). അങ്ങനെ ആർക്കും ഒരു വ്യത്യാസവും വെക്കാതെ, "യഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നും ഇല്ല; നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ ഒന്നത്രേ. ക്രിസ്തുവിനുള്ളവർ എങ്കിലോ നിങ്ങൾ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്ത പ്രകാരം അവകാശികളും ആകുന്നു (ഗലാ. 3:28-29). ആ നിലയിൽ പുത്രത്വവും തേജസ്സും വാഗ്ദത്തങ്ങളും അവകാശങ്ങളും നമുക്ക് ലഭിച്ചു. ഇതിനെ വ്യക്തമാക്കിത്തരുവാൻ പൗലൊസ് അപ്പൊസ്തലൻ മറ്റൊരു സാദൃശ്യത്തിലൂടെ വിശദമാക്കിയിരിക്കുന്നു. അത് അടുത്ത ലക്കിത്തിൽ (തുടരും)

# അപ്പൊ. പ്രവൃത്തികളുടെ പുസ്തകത്തിൽ വെളിപ്പെടുത്തിയ യേശുക്രിസ്തു : ഒരു പഠനം -3

ഡോ. ജോസഫ് എം.പി., തിരൂരങ്ങാടി

**പ്രവർത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയ യേശുവിന്റെ നാമത്തിലെ സ്നാനങ്ങൾ - പുതിയനിയമ സ്നാനവാക്യ രൂപങ്ങൾ -**

ഈ പുസ്തകത്തിൽ 25 തവണ സ്നാനം എന്ന വാക്ക് രേഖപ്പെടുത്തുന്നതായി കാണാം. അതിൽ പരിശുദ്ധാത്മ സ്നാനത്തെക്കുറിച്ച് 2 തവണയും വെറും സ്നാനം എന്ന വാക്ക് വിശ്വാസ സ്നാനത്തെക്കുറിക്കുന്നതിനായി 11 തവണയും യോഹന്നാന്റെ സ്നാനത്തെക്കുറിച്ച് 8 തവണയും വിശ്വാസ സ്നാനത്തെക്കുറിച്ച് യേശുക്രിസ്തുവിന്റെ നാമത്തിൽ എന്ന് 2 തവണയും കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം എന്ന് 2 തവണയും ചേർത്തു.

ഇവിടെ നാമം എന്ന പ്രയോഗം നേരത്തെ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് വേണം, പ്രവർത്തികളുടെ പുസ്തകത്തിൽ ആകെ 4 തവണ രേഖപ്പെടുത്തിയ യേശുക്രിസ്തുവിന്റെ അല്ലെങ്കിൽ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലെ സ്നാനം മനസ്സിലാക്കുവാൻ. ഈ 2 വിധ സ്നാന വാക്യങ്ങൾ കൂടാതെ, മത്തായി 28.19 ൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം ഏൽക്കുവാനുള്ള, ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിന്റെ കല്പനയും നിലനിൽക്കുന്നു. ഈ സ്നാനവാക്യങ്ങളിലെ വ്യത്യാസം ഒന്നുകൊണ്ടു മാത്രം ഇത് വ്യത്യസ്ത സ്നാനങ്ങൾ ആകുന്നു എന്നു പറഞ്ഞാൽ അത് ദുർവ്യാഖ്യാനം എന്നേ വരികയുള്ളൂ. ഈ 3 പ്രയോഗങ്ങളും ക്രിസ്തീയ സ്നാനത്തെ മാത്രം സൂചിപ്പിക്കുന്നു എന്നും അതും കർത്താവിന്റെ കല്പനയ്ക്ക് ആത്യന്തീകമായി വിധേയമായത് എന്നും ഈ ലേഖകൻ മനസ്സിലാക്കുന്നു.

എന്നാൽ പ്രവൃ. 2.38, 8.16, 10.49, 19.5 പ്രകാരം ആകെ 4 പ്രാവശ്യം 2 പ്രത്യേക സ്നാനവാക്യങ്ങളിലായി രേഖപ്പെടുത്തിയതുപോലെ മാത്രമേ വിശ്വാസസ്നാനം ആകാവൂ എന്നതിന് എന്തെങ്കിലും തെളിവ് ഉണ്ടോ? ക്രിസ്തീയ വിശ്വാസ സ്നാനത്തെക്കുറിച്ച് ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു താനും ശിഷ്യന്മാർക്ക് അന്തിമമായി കൊടുത്ത കല്പന മത്തായി 28.19 ൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തേണം എന്നാകുന്നു.

പെന്തക്കൊസ്തിനുശേഷം, പത്രൊസിന്റെ ആദ്യ പ്രസംഗത്തിൽ ക്രിസ്തുവിശ്വാസികൾ ആയിത്തീർന്ന 3000 പേരുടെ സ്നാനസമയത്ത് പ്രവൃ. 2:38,41 ഏതു സ്നാനവാക്യം ഉപയോഗിച്ചു എന്നു രേഖപ്പെടുത്തിയിട്ടില്ല. പ്രവൃ. 8:16, ശമര്യാ സ്നാനവും 10.48 കൊർന്നല്ലോസിന്റെ സ്നാനവും യേശുക്രിസ്തുവിന്റെ നാമത്തിൽ ആകുന്നു നൽകിയത്. 19.5 ൽ എഫെസൊസിൽ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനപ്പെടുത്തി. നാമത്തിൽ എന്ന സ്നാനവാക്യം ശ്രദ്ധിച്ചാൽ 1. കൊരി. 1:13 ൽ 'പൗലൊസിന്റെ നാമത്തിൽ' നിങ്ങൾ സ്നാനമേറ്റുവോ വാ. 14 ൽ എന്റെ നാമത്തിൽ ഞാൻ സ്നാനം കഴിപ്പിച്ചു എന്ന് ആരും പറയാതെ വണ്ണം' എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ, നാമം എന്ന വാക്ക് സൂചിപ്പിക്കുന്ന വെറും ഒരു വാക്കിനേക്കാൾ കൂടുതൽ അർത്ഥം അത് ഉൾക്കൊള്ളുന്നു. ഇവിടെ പൗലൊസ് ആരാകുന്നു. ആ വ്യക്തിയുടെ കൈക്കീഴിൽ ക്രിസ്തീയ വിശ്വാസ സ്നാനം ഏറ്റവർ എന്ന് സാരം. അതുപോലെത്തന്നെ 1 പത്രൊസ് 3:21 ൽ സ്നാനാർത്ഥി പ്രഥമമായി ദൈവത്തെക്കുറിച്ചുള്ള തന്റെ വിശ്വാസവും ആശ്രയവും പ്രകടമാക്കിയിരിക്കേണം എന്ന് വ്യവസ്ഥ ഉള്ളതായി മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഈ വിധത്തിൽ ഒരുവൻ തന്റെ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിന്റെ പൊതുപ്രഖ്യാപനം ആകുന്നു യേശുക്രിസ്തുവിന്റെ നാമത്തിൽ നൽകപ്പെട്ട സ്നാനം. ഈ സ്നാനം ക്രിസ്തീയ സ്നാനം എന്നതിന് തർക്കമില്ല.

**പുതിയനിയമ സ്നാനവാക്യരൂപങ്ങൾ**

മത്തായി 28:19 ൽ യേശുകർത്താവിന്റെ കല്പനയായ പൂർണ്ണ സ്നാനവാക്യരൂപവും പ്രവർത്തികളുടെ പുസ്തകത്തിൽ നേരത്തെ ശ്രദ്ധിച്ച ഹൃസ്വരൂപവാക്യവും കാണാവുന്നതാണ്. ഇതിൽ എന്തെങ്കിലും പ്രത്യേകത ഉണ്ടോ? ഈ 3 വിധ സ്നാന വാക്യരൂപങ്ങൾ മത്തായി 28:19, പ്രവൃ. 2:38, 19:5 എങ്ങിനെ വിശദീകരിക്കാൻ കഴിയും. പല വിശദീകരണങ്ങൾ ഇതിനോട് ചേർത്ത് ഉയർന്നു വന്നു.

1.) യോഹ. 4:1-2 വാക്യങ്ങളിൽ യേശുക്രിസ്തു ജീവിച്ചിരുന്ന കാലത്ത്, അനേകരെ ശിഷ്യരാക്കി ചേർത്തു സ്നാനം കഴിപ്പിച്ചു എന്നു കാണുന്നു. ആ സ്നാനസമയത്ത് ക്രിസ്തു ശിഷ്യർ ഉപയോഗിച്ച സ്നാനവാക്യം രേഖപ്പെടുത്തിയിട്ടില്ല എങ്കിലും പ്രവർത്തികളുടെ പുസ്തകത്തിൽ അവർ ശീലിച്ച പരിചിത രൂപം ഉപയോഗിച്ചു എന്നു കരുതുന്നവർ ഉണ്ട്. കാരണം ഈ ലേഖനത്തിലെ 'നാമം' എന്ന വിശദീകരണം ശ്രദ്ധിക്കുക.

2). യേശുക്രിസ്തുവിന്റെ നാമത്തിൽ എന്നോ,

(1995 ഏപ്രിൽ ലക്കത്തിൽ നിന്ന്)

## ടി.കെ.എസ്.

# മഹാനായ സുവിശേഷകൻ

**എം.ഇ. ചെറിയാൻ**

"പേരിനും പ്രശസ്തിക്കും താൻ അർഹനാണെന്നുള്ള ഒരു ഭാവം, അത് പ്രതീക്ഷിക്കുന്ന അളവിൽ കിട്ടിയില്ലെങ്കിൽ ഒരു പരിഭവം, പരാതി. ഇതൊക്കെ സുവിശേഷ ലോകത്തിൽ സാധാരണയാണ്."

ആ ദുസ്വഭാവം ഒട്ടും ബാധിക്കാത്ത ചുരുക്കം പേരിൽ ഒരാളാണ് റ്റി. കെ. ശാമുവേൽ സാർ, എവിയെങ്കിലും പിടിച്ചു കയറ്റിയാൽ, ആ നിർബന്ധത്തെ ആദരിച്ച് കയറിയിരിക്കുമെന്നല്ലാതെ ഏതെങ്കിലും ഒരു സ്ഥാനത്ത് കയറിപ്പറ്റാനുള്ള ശ്രമം തന്നിൽ ഒരിക്കലും കണ്ടിട്ടില്ല.

അർഹമായ സ്ഥാനം തന്നെയും വേണ്ടെന്നു ഒഴിഞ്ഞു മാറുന്നതേ തന്നോടു ദീർഘവർഷം പരിചയിച്ചിട്ടുള്ളവർ കണ്ടിട്ടുള്ളൂ. . ." കൂട്ടുപ്രവർത്തകനും പ്രശസ്ത ഗാനരചയിതാവുമായ എം. ഇ. ചെറിയാൻ റ്റി.കെ. എസിനെപ്പറ്റി.....

55 വർഷങ്ങളിലധികമായി ഞാൻ റ്റി.കെ. ശമുവേൽ സാറുമായി പരിചയപ്പെട്ടിട്ട്. യൗവ്വനക്കാരുടെ യോഗം എന്നൊരു യോഗം മദ്ധ്യതിരുവിതാംകൂറിലെ വേർപാടു വിശ്വാസികളുടെ ഇടയിൽ അന്നുണ്ടായിരുന്നു. യൗവ്വനത്തിലേക്കു കാലൂന്നിയ ഞാൻ മാസത്തിലൊരിക്കൽ നടക്കുന്ന യൗവ്വനക്കാരുടെ യോഗത്തിൽ മുടങ്ങാതെ പങ്കെടുത്തുവന്നു. ആ യോഗങ്ങളിലാണ് ഞാൻ റ്റി. കെ. ശമുവേൽ സാറിനെ ആദ്യമായി കണ്ടുമുട്ടിയത്. നല്ല പ്രസരിപ്പുള്ള ഒരു യുവാവ്. അതിലുമധികം പ്രസരിപ്പുള്ള തന്റെ പിതാവ്. അവരുടെ സാക്ഷ്യങ്ങൾ യൗവ്വനക്കാരുടെ യോഗത്തിൽ സംബന്ധിക്കുന്ന ഏവർക്കും അത്യന്തം ആത്മിക പ്രചോദനം നൽകിയിരുന്നു.

എന്റെ 20കളുടെ ആരംഭത്തിൽ വൈ.എം.ഇ.എഫ്. തുടങ്ങിയപ്പോൾ കൂട്ടിന് കിട്ടിയത് റ്റി.കെ. ശമുവേൽ സാറിനെയും തന്റെ പിതൃ പുത്രനായ യോഹന്നാൻ സാറിനെയും ആയിരുന്നു. വൈ.എം.ഇ.എഫ്. ശൈശവാരിഷ്ടതയിലായിരുന്ന അക്കാലത്ത് അവരുടെ നിസ്വാർത്ഥ സേവനം ലഭിച്ചത് വൈ.എം.ഇ.എഫ്.ന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും മുഖാന്തരമായി ഭവിച്ചു. പരസ്യയോഗങ്ങൾ അന്നത്തെ വൈ.എം.ഇ.എഫിന്റെ പ്രവർത്തന പരിപാടികളിൽ പ്രധാനമായിരുന്നു. കോഴഞ്ചേരിച്ചന്ത, തെക്കേമലക്കവല രണ്ടും വെളിയോഗ കേന്ദ്രങ്ങളായിരുന്നു. ആഴ്ചയിലൊരിക്കലെങ്കിലും അവിടെ നിന്ന് സുവിശേഷ സത്യങ്ങൾ വിളിച്ചു പറയാത്ത നാളുകൾ ഞങ്ങൾക്കന്ന് ഇല്ലായിരുന്നു. ഇന്നും ആ അന്തരീക്ഷത്തിൽ റ്റി.കെ. ശമുവേൽ സാറിന്റെ കണ്ഠങ്ങളിൽനിന്നു നിർഗ്ഗളിച്ച അത്യുച്ച സുവിശേഷധ്വനി തങ്ങി നിൽക്കുന്നുണ്ടാവും ഉണ്ടായിരുന്നു തനിക്കന്നൊരു തൊഴിച്ചുരുട്ടുന്ന ഇരുചക്രവാഹനം (സൈക്കിൾ). വിദ്യാലയം വിട്ടാലുടൻ അദ്ദേഹം അതിൽ പറന്നെത്തുമായിരുന്നു വെളിയോഗസ്ഥലത്ത്.

പൂർണ്ണസമയ സുവിശേഷകനായി അദ്ദേഹം വേർതിരിഞ്ഞിരുന്നില്ല. സർക്കാർ അനുവദിക്കുന്ന ആയുസ്സിന്റെ അറുതിയോളം അദ്ധ്യാപക വൃത്തി

---

കർത്താവായ യേശുവിന്റെ നാമത്തിൽ എന്നോ കാണിക്കുന്ന സ്നാനവാക്യങ്ങൾ, നൽകപ്പെട്ട സ്നാനം ക്രിസ്തീയം എന്ന് ആത്യന്തീകമായി വ്യക്തമാക്കുവാൻ പ്രവർത്തികളുടെ പുസ്തകത്തിൽ ഉപയോഗിച്ചതാകുന്നു എന്നു വ്യക്തമായി ഗ്രഹിക്കാം.

3). സ്നാനത്തിൽ പൂർണ്ണരൂപ സ്നാനവാക്യം ഉപയോഗിച്ചു എന്നാലും പ്രവർത്തികളുടെ പുസ്തത്തിലും ലേഖനത്തിലെ സ്നാനത്തെക്കുറിക്കുന്ന ഭാഗങ്ങളിലും ചുരുക്കവാക്യമായിട്ട് രേഖപ്പെടുത്തി എന്നു ചിന്തിക്കുന്നവർ ഉണ്ട്. എന്നാൽ പൂർണ്ണരൂപ സ്നാനവാക്യം പുതിയ നിയമത്തിൽ ഉപോയഗപ്പെടുത്തിയ ഭാഗങ്ങൾ കാണുന്നില്ല എന്നത് ഈ ചിന്തയുടെ ന്യൂനത ആകുന്നു.

4.) ചിലർ മത്തായി 28:19 ലെ ഏതെങ്കിലും ഒരു നാമം ഉപയോഗിച്ച് സ്നാനം നൽകിയാലും അത് സമ്പൂർണ്ണ രൂപത്തെ അർത്ഥമാക്കുന്നു എന്നു ചിന്തിക്കുന്നു.

5). സഭാചരിത്രത്തിൽ ഒന്നാം നൂറ്റാണ്ട് പിന്നിട്ടപ്പോൾ തന്നെ മത്തായി 28:19 ലെ സമ്പൂർണ്ണ സ്നാനവാക്യ രൂപം സാർവ്വത്രീകമായി സഭയിൽ ഉപയോഗിച്ചു എന്നതിന് വ്യക്തമായ തെളിവ് Didache യിലും Ireneus സഭാപിതാവും സംശയമില്ലാതെ തരുന്നുണ്ട്. (തുടരും)

ചെയ്തു. പക്ഷേ ആ തൊഴിൽ തനിക്കൊരു സൈഡ്ബിസിനസ്സ് മാത്രമായിരുന്നു. കർത്തൃശുശ്രൂഷ ആയിരുന്നു പ്രധാനം. സമയം മാത്രമല്ല, തന്റെ വരുമാനത്തിന്റെയും വലിയൊരു പങ്ക് കർത്തൃകാര്യങ്ങൾക്കായി ചെലവിട്ടു. ജോലിയിൽ നിന്നു വിരമിച്ചശേഷം സുവിശേഷത്തിനുവേണ്ടി മാത്രം വേർതിരിക്കുവാൻ തനിക്കു സാധിച്ചു.

'സുവിശേഷം' എന്നാൽ എന്താണെന്നറിയാത്ത സുവിശേഷകന്മാർ പലരുണ്ടിന്ന്. ഗലാ. 1:6 ൽ പറയുന്ന മറ്റൊരു സുവിശേഷമാണ് അവരുടേത്. ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെയല്ലാതെ മറ്റു പലതിനെപ്പറ്റിയും പ്രസംഗിക്കുന്ന സുവിശേഷം, തങ്ങളുടെ പ്രത്യേക സഭാവിഭാഗത്തിലേക്കും ഉപദേശത്തിലേക്കും മറ്റും മനുഷ്യരെ ആകർഷിക്കാനുള്ള പരിശ്രമം. അതാണ് പലരുടെയും സുവിശേഷയത്നത്തിന്റെ ലക്ഷ്യവും. എന്നാൽ ശാമുവേൽ സാറിനു സുവിശേഷം എന്നാൽ തന്റെ പ്രാണനാഥനായ യേശുകർത്താവ് തന്നേയാണ്. ഏതു പ്രസംഗത്തിലും ക്രിസ്തുവിന്റെ നിസ്തുലതയെ പ്രകീർത്തിക്കുക. അതു താൻ മറക്കുകയില്ലൊരിക്കലും.

തന്റെ ഗാനങ്ങളുടെയും കേന്ദ്രവിഷയം യേശുക്രിസ്തു തന്നെയാണല്ലോ. 'എന്തോരത്ഭുത പുരുഷൻ ക്രിസ്തു' എന്നു വർണ്ണിക്കയാൽ ഗാനങ്ങൾ പലതും 'യേശുമഹേശൻ തൻ തിരുനാമം ദേശമശേഷം ഉയർത്തിടാൻ, കൂടുക' 'സോദരരേ നാമൊന്നായ്' എന്ന് സഹവിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. 'എത്രയോ ശ്രേഷ്ഠനായവൻ ക്രിസ്തു താനെന്നുറച്ചു പാടുവിൻ' എന്ന് നമ്മെ ഏവരെയും ഉത്ബോധിപ്പിക്കുന്നു. കാരണം, 'ആയിരങ്ങളിൽ സുന്ദരൻ വന്ദിതൻ ആരിലും ഉന്നതൻ ക്രിസ്തുവാം; അവനൊപ്പം പറയാനൊരാളുമില്ല; അവനേപ്പോലാരാധ്യരാരുമില്ല' അതുകൊണ്ട് അദ്ദേഹം എല്ലാ വിശ്വാസികളെയും പ്രബോധിപ്പിക്കുന്നതു കേൾക്കുക. 'യേശുവിൻ ജനമേ, ഭയമെന്തിനകമേ, ലേശവും കലങ്ങേണ്ട, നാമവൻ ദാസരായ് വസിച്ചിടാം. ലോകത്തിൽ എന്തെല്ലാം ഭവിച്ചാലും ആപത്തനർത്ഥങ്ങളണഞ്ഞാലും താപം നമുക്കില്ലെന്നറിഞ്ഞാലും; പോരുകൾ സഹിച്ചും വൈരിയെ ജയിച്ചും പാരിതിൽ തിരുനാമം ഘോഷിപ്പാൻ ചേരുവിൻ അതിമോദം. ഭിന്നതവെടിയാമൊന്നാകാം. ഉന്നതചിന്തയൊടുണർന്നിടാം, മന്നവനെ നമുക്കെതിരേൽക്കാം.' ഈ അടികൾ പാടിക്കഴിയുമ്പോൾ ആരാണ് ഉണരാത്തത്? സുവിശേഷക്കൊടിയുമായി പോർക്കളത്തിൽ ഇറങ്ങാൻ ഒരുങ്ങാത്തത്?

സുവിശേഷ വയലിൽ കുറച്ച് പ്രവർത്തിച്ചു കഴിയുമ്പോൾ, അല്പം പ്രയോജനപ്പെട്ടുകഴിയുമ്പോൾ പലർക്കും അല്പം അഹന്ത ഉണ്ടായിത്തുടങ്ങും. ആത്മീയ നിഗളം എന്ന് അതിനു പേരിടാം. പേരിനും പ്രശസ്തിക്കും താൻ അർഹനാണെന്നുള്ള ഒരു ഭാവം. അത് പ്രതീക്ഷിക്കുന്ന അളവിൽ കിട്ടിയില്ലെങ്കിൽ ഒരു പരിഭവം, പരാതി. ഇതൊക്കെ സുവിശേഷ ലോകത്തിൽ സാധാരണയാണ്. ആ ദുസ്വഭാവം ഒട്ടും ബാധിക്കാത്ത ചുരുക്കം പേരിൽ ഒരാളാണ് റ്റി. കെ. ശാമുവേൽ സാർ. എവിയെങ്കിലും പിടിച്ചു കയറ്റിയാൽ, ആ നിർബന്ധത്തെ ആദരിച്ച് കയറിയിരിക്കുമെന്നല്ലാതെ ഏതെങ്കിലും ഒരു സ്ഥാനത്ത് കയറിപ്പറ്റാനുള്ള ശ്രമം തന്നിൽ ഒരിക്കലും കണ്ടിട്ടില്ല. അർഹമായ സ്ഥാനം തന്നെയും വേണ്ടെന്നു ഒഴിഞ്ഞു മാറുന്നതേ തന്നോടു ദീർഘവർഷം പരിചയിച്ചിട്ടുള്ളവർ കണ്ടിട്ടുള്ളൂ.

നമ്മുടെ കർത്താവിന്റെ പുനരാഗമനത്തിന് ഇനിയും താമസമുണ്ടെങ്കിൽ, അതിനുമുമ്പ് തന്റെ ദാസന് തിരുസന്നിധിയിൽ വിളിച്ച് വിശ്രമം നൽകുവാനാണ് കർത്താവ് ആഗ്രഹിക്കുന്നതെങ്കിൽത്തന്നെയും നമുക്ക് ഖേദിക്കാനില്ല.

തന്റെ തൂലികയിൽ നിന്നും അടർന്നു വീണ ദിവ്യഗാനങ്ങൾ ദൈവജനത്തിന്റെ കൂടിവരവുകളിൽ, ഭവനങ്ങളിൽ ഒക്കെ ആരാധനയ്ക്കായി, ആശ്വാസത്തിനായി എന്നും വിശ്വാസികൾ ചേർന്നു പാടും. 'എന്നും നല്ലവൻ, യേശു എന്നും നല്ലവൻ, ഇന്നലെയുമിന്നുമെന്നും അന്യനല്ലവൻ' എന്നു പാടി അവർ ആനന്ദിക്കും.

'മനുവേലാ വന്ദനം! മന്നിലേകനായ് മനുജാതിക്കായി വന്നതാമുന്നതാധിപാ! മനുവേലാ വന്ദനം!' എന്നു പാടി ദൈവജനം ദൈവത്തെ ആരാധിക്കും. അങ്ങനെ ക്രൈസ്തവ ലോകത്തിനു അവിസ്മരണീയനായി തന്റെ ശുശ്രൂഷ തുടരും നിത്യതയുടെ പുലരിവരെ റ്റി.കെ.എസ്. സുവിശേകൻ. ●

**GUJARAT BRN BIBLE INSTITUTE**

Applications are invited from students for One Year Course (9th Batch) commencing from 1st June 2010, Those who bear good testimony at their local Assembly can apply. Practical training shall be given along with Bible Studies. Medium of instruction is Hindi and English. Decent food and accomodation shall be free. Please write immediately for Application Form.

GUJARAT BRETHREN BIBLE INSTITUTE
Plot.No.147,Sector.7,Gandhidham 370201
Gujarat, Ph.02836-224763
e-mail:simonpayyanur @sancharnet.in.

# ഒരു നാഴിക കൂടെ...

ഗോഡ്‌ലി പി. എസ്സ്., ബഹ്റൈൻ

**അ**രുമ നാഥനായ ക്രിസ്തുനാഥന്റെ നിരവധി ഗഹന ഗാംഭീര്യ പ്രസംഗങ്ങൾ സുവിശേഷ ചരിത്രത്തിലുടനീളം കാണുന്നു. അതിൽ അതീവ ശ്രദ്ധേയമായതും ആശയ ഗാംഭീര്യതയുള്ളതും അനേകായിരങ്ങളുടെ മനസ്സിനെ കീഴടക്കിയതുമായ പ്രസംഗമാണ് ഗിരിപ്രഭാഷണം. മത്തായി 5 മുതൽ 7 വരെയുള്ളള അദ്ധ്യായങ്ങളിൽ ഇവ സംഗ്രഹിച്ചിരിക്കുന്നു. ക്രിസ്തുവും ശിഷ്യന്മാരും പുരുഷാരവുമാണ് ഈ സന്ദേശ സമയത്ത് സന്നിഹിതരായിരുന്നത്. ഇന്ന് മഹാന്മാർ എന്ന നാമത്തിന് അർഹരായ പലർക്കും ക്രിസ്തുനാഥന്റെ ഈ സന്ദേശത്തോട് കടപ്പാട് ഉണ്ട്. മാനുഷിക മൂല്യങ്ങൾ, പ്രകൃതി നിയമങ്ങൾ, പാരമ്പര്യാനുസൃത സിദ്ധാന്തങ്ങൾ, എന്നിത്യാദികൾക്ക് ചുമൽ കൊടുത്ത് ജീവിച്ചു കൊണ്ടിരിക്കുന്ന മനുഷ്യന് ദൈവിക വീക്ഷണത്തിലുള്ള ചില സിദ്ധാന്തങ്ങൾ. ഈ സന്ദേശത്തിൽ പ്രധാനമായിട്ട് അവയാണ് കാണുന്നത്. ഇവയിലെ ഓരോ വാക്യത്തിന്റെയും പ്രസക്തി വളരെ വലുതായതിനാൽ വെറും മൂന്നു വാക്യങ്ങൾ നമുക്ക് ഒന്നു ശ്രദ്ധിക്കാം.

മത്തായി 5:41-ാം വാക്യത്തിന് കൂടുതൽ പ്രാധാന്യം നൽകിയും എന്നാൽ പശ്ചാത്തലം മനസ്സിലാക്കുന്നതിന് 39 - 41 വരെയുള്ള വാക്യങ്ങളും പരിശോധിച്ച് നമുക്ക് ഈ വിഷയത്തിന്റെ അന്തസത്ത മനസ്സിലാക്കാവുന്നതാണ്. ത്രിവിധ മാനുഷിക യഥാർത്ഥ്യങ്ങൾ ദൈവിക വീക്ഷണത്തിൽ നമ്മുടെ കർത്താവായ യേശുക്രിസ്തു പഠിപ്പിക്കുന്നത് ഇവിടെ കാണുവാൻ സാധിക്കുന്നു.

**1. അന്തസ്സ് (വാക്യം 39)**

കുലീനത, മാന്യത, അന്തസ്സ് ഇവ സാധാരണ മനുഷ്യർ ആഗ്രഹിക്കുന്നതാണ്. ഇവയ്ക്ക് മുറിവേൽക്കുന്നത് തികച്ചും പ്രയാസകരമാണ്. ഒരുവന്റെ ചെകിട്ടത്ത് അടി ലഭിക്കുക എന്നത് തികച്ചും അവന്റെ വ്യക്തിത്വത്തെ മുറിവേൽപ്പിക്കുന്നതാണ്. ഒരു അടിമപോലും തന്റെ യജമാനനിൽ നിന്നും ചെകിട്ടത്ത് അടി വാങ്ങുന്നത് തന്റെ അന്തസ്സിന് മുറിവേൽക്കുന്നതായിട്ട് കണക്കാക്കുന്നു. എന്നാൽ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ഉപദേശം വലത്തെ ചെകിട്ടത്ത് അടിക്കുന്നവന് മറ്റേതും കാണിച്ചു കൊടുക്ക എന്നത്രെ. അഥവാ ഒരു വ്യക്തിയുടെ ജീവിതത്തിൽ അതി പ്രധാനമെന്ന് കരുതുന്ന മാന്യതയെ പരുക്കേൽക്കും വിധം ഒരുവൻ എന്തെങ്കിലും ചെയ്താൽ പോലും അവനോട് ക്ഷമിക്കണം. നമുക്ക് ശ്രേഷ്ഠമായതിനു പോലും പ്രാധാന്യം കൊടുക്കാതെ അർത്ഥാൽ മാനുഷിക നീതിയെക്കാളും ഉപരിയായി ദൈവിക വീക്ഷണത്തിന് പ്രാധാന്യം കൊടുത്ത് ദൈവത്തെ നമ്മിലൂടെ വെളിപ്പെടുത്തണം എന്നതാണ് കർത്താവ് ആഗ്രഹിക്കുന്നത്.

**2. സുരക്ഷിതത്വം (വാക്യം 40)**

ഭദ്രത, സുരക്ഷിതത്വം ഇവയും ഒരുവനെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമേറിയതാണ്. മലയാളത്തിൽ വസ്ത്രവും പുതപ്പും എന്നിങ്ങനെ രണ്ടു പദങ്ങൾ ഇവിടെ ഉപയോഗിച്ചിരിക്കുന്നു. അത് ആംഗലയ ഭാഷയിൽ റ്റുണിക് എന്നും ക്ലോക്ക് എന്നും കാണാം. യിസ്രായേല്യരുടെ വസ്ത്ര രീതി നമ്മുടെ അറിവിൽ നിന്നും വളരെ വ്യത്യസ്തയുള്ളതാണ്. അവ പഴയനിയമം പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാം. ഇവയോടനുബന്ധിച്ച് നിയമങ്ങളും യിസ്രയേലിനു ലഭിച്ചിട്ടുണ്ട്. വസ്ത്രം പണയം വാങ്ങുന്നവരോടുള്ള യഹോവയുടെ ഒരു നിയമം പുറ. 22:25-27 വരെയുള്ള വാക്യങ്ങൾ പരിശോധിച്ചാൽ കാണാവുന്നതാണ്. യഹൂദനെ സംബന്ധിച്ചിടത്തോളം തന്റെ രണ്ടാം വസ്ത്രം ഒരു പുതപ്പിനു തുല്യമുള്ള ഉപയോഗമായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പുതിയ നിയമത്തിൽ കർത്താവ് പറയുന്നത് ആരെങ്കിലും വ്യവഹാരത്താൽ വസ്ത്രം എടുത്താൽ ഒരുവൻ പ്രാധാന്യം കൊടുക്കുന്ന രണ്ടാം വസ്ത്രവും കൊടുക്കണം എന്നത്രെ. പ്രതികൂല കാലവസ്ഥയിൽ നിന്നും സംരക്ഷിക്കുന്ന ആ രണ്ടാം വസ്ത്രം പോലും വിട്ടുകൊടുക്ക എന്നത്രെ പറയുന്നത്. നമ്മുടെ അന്തസ്സിനെ പോലെ തന്നെ സുരക്ഷിതത്വത്തെ ആക്രമിച്ചാൽ പോലും നാം മാനുഷിക പ്രമാണം വിട്ട് ദൈവിക വീക്ഷണത്തിൽ സമർപ്പിക്കപ്പെടണമെന്ന യാഥാർത്ഥ്യമാണ് ഇവിടെ നമുക്ക് കാണുവാൻ കഴിയുന്നത്. ഹാ... ദൈവിക വീക്ഷണത്തിന്റെ അതുല്യത! ഇവയെ വിജയിച്ച് മുന്നിൽ വരുവാൻ പറ്റിയ മറ്റൊരു പ്രമാണമുണ്ടോ?

**3. സ്വാതന്ത്ര്യം(വാക്യം 41)**

നൈസർഗ്ഗികാവകാശം, സ്വാതന്ത്ര്യം ഇവ സകല മനുഷ്യർക്കും അവകാശപ്പെടാവുന്നവയാണ്. ഏതൊരു പൗരനും അവന്റേതായ നൈസർഗ്ഗികാവകാശങ്ങൾ ഉണ്ട്. എന്നാൽ കർത്താവിന്റെ മൂന്നാമത്തെ പഠിപ്പിക്കൽ അവയെയും തകർത്ത് ദൈവിക വീക്ഷണത്തിന് പ്രാധാന്യം കൊടുക്കുന്നവയാണ്. ഇവിടെ കർത്താവ് പഠിപ്പിക്കുന്നത് ഒരുവൻ ഒരു നാഴിക

പോകുവാൻ നിർബന്ധിച്ചാൽ രണ്ടു നാഴിക അവ നോട് കൂടെ പോകുക എന്നാണ്. ഇവ ഒരു അനു ഗ്രഹീത ക്രിസ്തീയ ആശയത്തിന് പിറവി നൽ കുന്നതോടൊപ്പം ക്രൈസ്തവ പ്രമാണങ്ങളെ ലോകത്തിലെ സകല പ്രമാണങ്ങളെക്കാളും മേത്തരമാക്കുകയും ചെയ്യുന്നു.

ഇന്ത്യയിലെ പോസ്റ്റൽ സൗകര്യം നമുക്ക് വളരെ പരിചിതമാണ്. പേർഷ്യൻ സാമ്രാജ്യ കാല ത്താണ് കൊരിയർ സമ്പ്രദായം പ്രചുരപ്രചാരമാ കുന്നത്. ഒട്ടകത്തിന്റെമേലും കഴുതയുടെമേലും ഭക്ഷണവും മറ്റും ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്കു കൊണ്ടുപോയി ഇന്നത്തെ കൊരി യർ സമ്പ്രദായത്തിനു തതുല്യമായ ഒരു സംഗതി ശക്തമായി വന്നു. ഇതിന് സമാനമായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കാലഘട്ട ത്തിൽ റോമൻ ഭരണാധികൾക്കും ഇത്തരമൊരു സമ്പ്രദായം നിലനിന്നിരുന്നു.

യിസ്രായേലിന്റെ മണ്ണിലൂടെ റോമൻ സൈന്യം ഭാരിച്ച ചുമട് ചുമന്ന് ഒരു സ്ഥലത്ത് നിന്നും മറ്റൊരി ടത്തേക്ക് കൊണ്ടുപോകുക പതിവായിരുന്നു. അങ്ങനെ കൊണ്ടു പോകുന്ന സമയത്ത് ചുമടിന്റെ ഭാരം കാരണം ഒരു നാഴിക ചുമക്കുവാൻ വഴിയിൽ കാണുന്ന യിസ്രായേല്യനോട് അഭ്യർത്ഥിച്ചാൽ അത് ചെയ്യേണ്ടത് യിസ്രായേല്യന്റെ മര്യാദയാണ്. അത് ചെയ്തേ മതിയാകയുള്ളൂ. ഒരുപക്ഷെങ്കിൽ യിസ്രായേല്യൻ നല്ല വസ്ത്രം ധരിച്ചതായിരിക്കാം, ചുമടു ഒരു പക്ഷെ മുഷിഞ്ഞതുമായിരിക്കാം എങ്കിലും ചുമക്കുക തന്നെ ചെയ്യണം. റോമൻ പടയാളികളുടെ ഈ ആവശ്യത്തിനു മുമ്പിൽ യാതൊരു അനുരഞ്ജനവുമില്ല.

ഒരു ഉദാഹരണം ഇവിടെ ചൂണ്ടികാണിക്കാം. നമ്മുടെ വാഴ്ത്തപ്പെട്ടവനായ ക്രിസ്തുനാഥനെ കാൽവറി ക്രൂശിൽ കൊണ്ടു പോകുന്ന മാർഗ്ഗേ പടയാളികൾ കുറേനക്കാരനായ ശീമോനൊട് കർത്താവിന്റെ ക്രൂശ് വഹിക്കുവാൻ ആവശ്യ പ്പെടുന്നു. അവിടെ മടി കാണിക്കാതെ പിന്നെ വരാം എന്നും മറ്റും യാതൊരു ഒഴിവും പറയാതെ റോമൻ പടയാളികളെ ശിമോൻ അനുസരിക്കയത്രെ ചെയ്തത്. ഇത്തരത്തിലുള്ള ഒരു റോമൻ പാരമ്പര്യം അഥവാ ചരിത്ര പശ്ചാത്തലം മനസ്സിൽ കരുതിയാണ് നമ്മുടെ കർത്താവായ യേശു ക്രിസ്തു ജനത്തെ പഠിപ്പിക്കുന്നത് പരിമിതമായ സ്വാതന്ത്രത്തിൽ നിന്നും ഒരു നാഴിക പോകുവാൻ ആവശ്യപ്പെട്ടാൽ അവനോട് രണ്ടു നാഴിക നടക്കേണം എന്നത്രെ.

ഒന്നാം നാഴിക: സാധാരണം, മാനുഷികം, റോമൻ നിയമപരം എന്നൊക്കെ പറയാം. ഒന്നാം നാഴിക നിയമപരമായതിനാൽ പ്രസ്തുത നിയമ ത്തിന് എതിരായി പ്രവർത്തിച്ചാൽ ശിക്ഷയുറപ്പ്. ഇത് മാനുഷിക നിയമമായതിനാൽ പരിമിതി യുള്ളതാണ്. മാനുഷിക പരിഗണനയാൽ നടത്തപ്പെടുന്നു. രണ്ടാം നാഴിക: അസാധാരണം, ദൈവികം, ദൈവിക വീക്ഷണം. ദൈവികമായ തിനാൽ പ്രതിഫലം ഉറപ്പാണ്. ഇത് ദൈവിക സ്നേഹത്തോടുള്ള അനുസരണമാണ്; ആത്മീയ മാണ്; മാത്രമല്ല നിത്യമായ അവകാശങ്ങൾക്ക് പരിഗണനയുള്ളതാണ്.

ഈ ഒന്നാം നാഴികയും രണ്ടാം നാഴികയും ചില ആത്മീക സത്യങ്ങളെയും ഉത്തരവാദിത്വങ്ങളെയും ഉണർത്തുന്നു. ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഈ രണ്ടു നാഴികയുടെ സ്വഭാവങ്ങളും കാണുവാൻ സാധിക്കുന്നു. പുതിയ നിയമസഭയുടെ കാതലായ ഉപദേശ വിഷയങ്ങൾ പ്രതിപാദിച്ചിരിക്കുന്ന അ. പ്ര. 2:41-47 വരെയുള്ളള വാക്യങ്ങൾ പരിശോധി ച്ചാൽ അവിടെ ഏഴ് വിധമായ ഉപദേശങ്ങൾ പഠിപ്പിക്കുന്നു. അവയെ നമുക്ക് രണ്ടായി തിരിച്ചാൽ ഒരു കൂട്ടം ഒന്നാം നാഴികയിലും പിന്നെത്തേത് രണ്ടാം നാഴികയ്ക്കും ഉദാഹരണമായി എടുക്കാ വുന്നതാണ്. രക്ഷ, സ്നാനം, വേർപാട്, ഉപദേശം കേൾക്കുക, ഇവ ഒന്നാം നാഴികയിലെ ഒരു സാധാ രണ വിശ്വാസിയെ ചിത്രീകരിക്കുന്നു. എന്നാൽ കൂട്ടായ്മ ആചരിക്കുക, അപ്പം നുറുക്കുക, പ്രാർത്ഥന കഴിക്കുക ഇവ രണ്ടാം നാഴികയെയും പ്രതിനിധീകരിക്കുന്നു. ഒന്നാം നാഴിക നമ്മിൽ പലർക്കും ഉണ്ടെങ്കിലും രണ്ടാം നാഴികയുടെ സ്വഭാവം അർത്ഥവത്തായും സത്യസന്ധമായും വിശ്വസ്തതയോടു കൂടെയും നമ്മിൽ എത്ര പേരുടെ ജീവിതത്തിൽ കാണുന്നു?

അബ്രഹാമും ലോത്തും ഒരുമിച്ചു യാത്രതി രിച്ചു. എന്നാൽ ഒന്നാം നാഴിക സഞ്ചരിച്ച് അതിന്റെ വിശ്രമം കണ്ടെത്തി ലോത്തിന്റെ ചരിത്രം സംസ്ക രിക്കപ്പെടുമ്പോൾ രണ്ടാം നാഴികയും സഞ്ചരിച്ച് വാഗ്ദത്ത പുത്രനെയും സമ്മാനിച്ച്, വിശ്വാസിക ളുടെ പിതാവായി ഇന്നും അനേക ഹൃത്തടങ്ങളിൽ അബ്രഹാം ഉയിർത്തെഴുന്നേൽക്കുന്നതിന് കാര ണം തന്റെ ജീവിതത്തിലെ വിശ്വാസത്താലുള്ള രണ്ടാം നാഴികയുടെ സ്വാധീനമാണ്. രണ്ടു മരു മക്കൾ രുത്തും ഓർപ്പയും. ഇരുവരുടെയും ഭർത്താ ക്കന്മാർ മരിച്ചുപോയി. ഒരുവൾ മടങ്ങിപോയി തന്റെ വീട്ടുകാരോട് ചേർന്ന് അവളുടെ കഥയ്ക്ക് പരിസമാപ്തി വരുമ്പോൾ മറ്റവൾ അമ്മായിയ മ്മയോട് പറ്റിനിന്ന് ജീവനുള്ള ദൈവത്തെ അറിഞ്ഞ് രണ്ടാം നാഴിക നടന്നപ്പോൾ അവളി ലൂടെ ദൈവം പ്രസാദിച്ചു. തന്റെ പുത്രനായ

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.110-ഉത്തരം

**വിഷയം : ഈ ലോകജീവിതം എത്ര ക്ഷണികം !**

**വായനാഭാഗം** : ഇയ്യോ. 9,14, സങ്കീ. 39, 90, 103, യാക്കോ. 1,4

I. സങ്കീ. 103:15 മനുഷ്യന്റെ ആയുസ് പുല്ലുപോലെ; വയലിലെ പൂപോലെ അവൻ പൂക്കുന്നു; കാറ്റ് അതിൻമേൽ അടിക്കുമ്പോൾ അത് ഇല്ലാതെ പോകുന്നു.

ഒ.വാ. 1) യെശ. 40:6,7, 24 സകല ജഡവും പുല്ലുപോലെയും അതിന്റെ ഭംഗിയെല്ലാം വയലിലെ പൂപോലെയും ആകുന്നു. (1 പത്രോ. 1:24.) 2) സങ്കീ. 90:5,6 രാവിലെ തഴച്ചു വളരുന്നു; വൈകുന്നേരം അരിഞ്ഞുപോകുന്നു. 3) യാക്കോ. 1:10 ധനവാനോ പുല്ലിന്റെ പൂപോലെ ഒഴിഞ്ഞുപോകുന്നവൻ.

II. യാക്കോ. 1:11 പുല്ല് ഉണങ്ങി, പൂവുതിർന്ന് അതിന്റെ രൂപഭംഗി കെട്ടുപോകുന്നു; അതുപോലെ ധനവാനും തന്റെ പ്രയത്നങ്ങളിൽ നിന്ന് വാടിപ്പോകും. (സദൃ. 11:28, യാക്കോ. 5:1,2)

III. സങ്കീ. 39:5,6 ഏതു മനുഷ്യനും ഉറച്ചുനിന്നാലും ഒരു ശ്വാസമത്രേ. അവൻ വ്യർത്ഥമായി പണം സമ്പാദിക്കുന്നു; ആര് അനുഭവിക്കും?

ഒ.വാ. 1) ഇയ്യോ 7:7 എന്റെ ജീവൻ ഒരു ശ്വാസമാത്രം. (ഇയ്യോ. 39:11)

2) ഇയ്യോ. 8:9 ജീവിതകാലം ഒരു നിഴൽ അത്രേ. 3) സങ്കീ. 89:47. എന്റെ ആയുസ്സ് എത്ര ചുരുക്കം.

IV. ഇയ്യോബ് 14:2 മനുഷ്യൻ പൂപോലെ വിടർന്നു പൊഴിഞ്ഞുപോകുന്നു; നിലനിൽക്കാതെ നിഴൽപോലെ ഓടിപ്പോകുന്നു.

ഒ.വാ. 1) സങ്കീ. 144:4. മനുഷ്യൻ ഒരു ശ്വാസത്തിനു തുല്യനത്രെ. 2) സങ്കീ. 102:11 എന്റെ ആയുസ്സ് ചാഞ്ഞുപോകുന്ന നിഴൽപോലെ

V. യാക്കോബ് 4:14 നിങ്ങളുടെ ജീവൻ അല്പനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതു മായ ആവിയല്ലോ.

ഒ.വാ. 1) ഇയ്യോ. 9:25 എന്റെ ആയുഷ്കാലം ഓട്ടാളനേക്കാൾ വേഗം പോകുന്നു. ഇരയെ റാഞ്ചുന്ന കഴുകനെപ്പോലെ കടന്നുപോകുന്നു. 2) ഇയ്യോ. 9:26 അത് ഓടകൊണ്ടുള്ള വള്ളം പോലെയും, ഇരയെ റാഞ്ചുന്ന കഴുകനെപ്പോലെയും കടന്നുപോകുന്നു.

VI. സങ്കീ. 90:10 ഞങ്ങളുടെ ആയുഷ്കാലം 70 സംവത്സരം; ഏറെ ആയാൽ 80 സംവത്സരം; അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രെ; അതു വേഗം തീരും;

---

യേശുക്രിസ്തുവിന്റെ വംശാവലിയിൽ പറഞ്ഞിരിക്കുന്ന ചുരുക്കം ചില സ്ത്രീകളിൽ രൂത്തും പ്രവേശിക്കുന്നു.

അപ്പൊസ്തലനായ പൗലൊസ് രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ഒരു സ്ഥലം സഭയോട് ചേർന്ന് ദൈവത്തെ ആരാധിച്ച് പോന്നാൽ മതിയായിരുന്നു. സ്വർഗ്ഗത്തിൽ പോകുവാനുളള്ള എല്ലാ യോഗ്യതകൾ ലഭിച്ചു കഴിഞ്ഞു. എന്നാൽ താൻ കഷ്ടതകളും ഉറക്കവും തടവും ഉള്ള മാർഗ്ഗം സ്വീകരിച്ചു രണ്ടാം നാഴിക നടന്നു. ശേഷം പറയുന്നതു: ഞാൻ നല്ലപോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി പ്രതിഫലത്തിനായി കാത്തിരിക്കുന്നു.

പ്രിയരേ, നാം രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് കൂട്ടായ്മയിൽ ആയിരിക്കാം. ഇതു നിയമപ്രകാരം ശരിയാണ്. എന്നാൽ രണ്ടാം നാഴിക-അത് ദൈവിക വീക്ഷണമാണ്, ദൈവികമാണ്, ഇടുക്കമുള്ള വഴിയാണ്, അതിലൂടെ സഞ്ചരിക്കുവാൻ പ്രയാസമാണ്, സഞ്ചരിക്കുന്നവർ ചുരുക്കമാണ്. എന്നാൽ അതിന്റെ മഹത്ത്വം അത്യുന്നതവും മാന്യമേറിയതുമാണ്. ഒന്നാം നാഴികയിലെ രക്ഷയും സ്നാനവും ചെയ്ത് വിശ്രമിക്കുകയാണോ അതോ രണ്ടാം നാഴികയാൽ നമ്മുടെ പ്രാണപ്രിയനെ അതിശയപ്പെടുത്തുമാറ് പ്രവർത്തിക്കുന്നുവോ? പാപികളായ മനുഷ്യ വർഗ്ഗത്തെ സ്നേഹിച്ച് പരമോന്നതി വിട്ട് പരത്തിൽ വന്ന് ഈ പാവനപുരുഷൻ പാവപ്പെട്ടവനായി ജനിച്ച് ജീവിച്ചു മരിച്ച് ഉയിർത്തെഴുന്നേറ്റ് ഇത്രമാത്രം സ്നേഹിച്ചെങ്കിൽ നാം ഒന്നാം നാഴികയിൽ സംതൃപ്തി പൂകാതെ രണ്ടാം നാഴികയിലേക്ക് സഞ്ചരിച്ച് അവന്നായി കഷ്ടപ്പെട്ട്, അവന്നായി കൊടുത്ത്, അവന്നായി ജീവിച്ച്, മാനുഷിക സാധാരണ മാർഗ്ഗത്തിൽ നിന്നും അകന്ന് ദൈവിക വീക്ഷണങ്ങൾക്കായി ജീവിക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ ഏവരെയും സഹായിക്കട്ടെ.

●

ഒ.വാ. 1) ഇയ്യോ. 20:8 അവൻ സ്വപ്നം പോലെ പറന്നുപോകും; അവനെ പിന്നെ കാണുകയില്ല.
2) ഇയ്യോ. 34:15 സകല ജഡവും ഒരുപോലെ കഴിഞ്ഞു പോകും. മനുഷൻ പൊടിയിലേക്ക് മടങ്ങിച്ചേരും.
3) ഇയ്യോ. 8:9 നാം ഇന്നലെ ഉണ്ടായവരും ഒന്നും അറിയാത്തവരുമല്ലോ. ഭൂമിയിൽ നമ്മുടെ ജീവകാലം ഒരു നിഴലത്രെ.

VII. ഇയ്യോ. 9:26 അത് (എന്റെ ആയുഷ്കാലം) ഓടകൊണ്ടുള്ളവള്ളംപോലെയും ഇരയെ റാഞ്ചുന്ന കഴുകനെപ്പോലെയും (അതിവേഗം) കടന്നുപോകുന്നു.

ഒ.വാ. 1) പത്രൊ. 1:24 സകല ജഡവും പുല്ലുപോലെയും അതിന്റെ ഭംഗി എല്ലാം പുല്ലിന്റെ പൂപോലയും ആകുന്നു. പുല്ലു വാടി, പൂവ് ഉതിർന്നുപോയി; കർത്താവിന്റെ വചനമോ എന്നേക്കും നിലനിൽക്കുന്നു. 2) സദൃ. 27: 1. നാളത്തെ ദിവസം ചൊല്ലി പ്രശംസിക്കരുത്. ഒരു ദിവസത്തിൽ എന്തെല്ലാം സംഭവിക്കും എന്ന് അറിയുന്നില്ലല്ലോ. 3) സങ്കീ. 78 :39 അവ ർ ജഡം എന്നും മടങ്ങിവരാത്ത കാറ്റ് എന്നും അവൻ ഓർത്തു.

I മറന്നുപോകാതെ നീ മനമേ! ജീവൻ പറന്നുപോകും വേഗം ജഡം മണ്ണായിടുമേ
ഇപ്പോഴൊരുങ്ങണം നെഞ്ചേ! ഇനി പിൽപാടകട്ടെന്നു വയ്ക്കാതെ നെഞ്ചേ!
ചിൽപരന്നേൽപിക്ക നിന്നെ എന്നാൽ സ്വർപ്പുരത്തിൽ എന്നും വാണിടാം പിന്നെ
(മോശവത്സലം, TVM) (ആത്മീയഗിതങ്ങൾ)

II ഒരിക്കൽ ഏവനും മരിക്കും നിർണ്ണയം ഒരുങ്ങെല്ലാവരും മരിപ്പാൻ
ദരിദ്രൻ, ധനികൻ, വയസ്സൻ, ശിശുവും മരിക്കുന്നില്ലയോ ലോകേ?
പുരമേൽ മുളയ്ക്കും പുല്ലിനു സമം നരന്റെ ജീവിതം ഉലകിൽ
വാടിപ്പൊഴിയും പുഷ്പം പോലവൻ ഓടിപ്പോം നിഴൽ പോലെ

എല്ലാ ചോദ്യത്തിന്റെയും കേന്ദ്രവിഷയം ഒന്നു തന്നേ. ധാരാളം ഒത്തു വാക്യങ്ങൾ ഇനിയും ഉണ്ട്. സ്ഥലപരിമിതിയാൽ മൂന്നെണ്ണം വീതം മാത്രം ചേർത്തിരിക്കുന്നു. സത്യം ഒരിക്കൽക്കൂടെ ശ്രദ്ധയിൽപെട്ടിട്ടും അഗണ്യമാക്കുന്നവർ 2 കൊരി. 5:10 ഓർത്തു കൊള്ളട്ടെ.
ഈ ശുശ്രൂഷയെ പ്രാർത്ഥനയിൽ പ്രത്യേകം ഓത്തവർക്കു കർത്തൃനാമത്തിൽ നന്ദി. തുടർന്നും മുട്ടിപ്പായി പ്രാർത്ഥിക്കണമേ.

## ബൈബിൾ പ്രശ്നാവലി നം. 110 - ജയിച്ചവരുടെ മാർക്കു വിവരം

| | | |
|---|---|---|
| 1. | ലിജി പി. പോൾ, തൃശൂർ | 121 |
| 2. | ജസ്സി കെ. പോൾ, ഒറീസാ | 121 |
| 3. | സാം കിഴവറമണ്ണിൽ, മുംബൈ | 121 |
| 4. | ജൂബി പി. പോൾ, തൃശൂർ | 121 |
| 5. | സുനി ഷാജി, ഡാമൻ | 121 |
| 6. | പി.വി. ജോർജ്ജ്, പൈങ്ങോട്ടൂർ | 121 |
| 7. | ആലീസ് സാം, സീബ് | 121 |
| 8. | ഫിലിപ്പോസ് ഏബ്രഹാം, ന്യൂയോർക്ക് | 121 |
| 9. | ഏലിയാമ്മ ജേക്കബ്, വിശാഖപട്ടണം | 121 |
| 10. | മേരിക്കുട്ടി ഏബ്രഹാം, കാഞ്ഞിരപ്പള്ളി | 121 |
| 11. | വത്സമ്മ തോമസ്, ജാൻസി | 120 |
| 12. | ഒ.വി. ജോസഫ്, പുല്ലാട് | 120 |
| 13. | ജയിനമ്മ പൗലോസ്, പൂനൈ | 119 |
| 14. | ഏലിയാമ്മ കോശി, ബാംഗ്ളൂർ | 118 |
| 15. | തങ്കമ്മ ഡാനിയേൽ, തൃശൂർ | 118 |
| 16. | കുര്യൻ ജോസഫ്, മണ്ണാരത്തറ | 116 |
| 17. | പി.റ്റി. ഫിലിപ്പ്, ബാംഗ്ളൂർ | 115 |
| 18. | വത്സമ്മ മാത്യു, തിരുവനന്തപുരം | 115 |
| 19. | മറിയാമ്മ തോമസ്, കുന്നന്താനം | 114 |
| 20. | ചിന്നമ്മ ശാമുവേൽ, മുംബൈ | 113 |
| 21. | മേരി ജേക്കബ്, കല്ലിശ്ശേരി | 113 |
| 22. | ജസ്സി സാം, റാന്നി | 106 |
| 23. | അമ്മുക്കുട്ടി ജോസഫ്, പുന്നവേലി | 105 |
| 24. | അന്നമ്മ തോമസ്, ഉതിമൂട് | 103 |
| 25. | ഗ്രേസിക്കുട്ടി സാമുവേൽ, കളമശ്ശേരി | 100 |
| 26. | നിസ്സി ബീം, മീനങ്ങാടി | 120 |
| 27. | രത്നാ ജേക്കബ് | 100 |
| 28. | ബെറ്റി വിനോദ്, വെള്ളൂർ | 105 |

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**തിരുവനന്തപുരം വൈ.എം.ഇ.എഫ്. സെന്റർ മൂലം :** ജില്ലയിൽ നമ്മുടെ പ്രവർത്തനങ്ങൾ ശരിയായി നടത്തിയിട്ടില്ലാത്ത ചില പ്രത്യേക സ്ഥലങ്ങൾ തിരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ, അനുധാവന പ്രവർത്തനങ്ങൾ, ബൈബിൾ ക്ലാസ്സുകൾ, ട്രാക്റ്റ് വിതരണം, ആളാംപ്രതിയുള്ള വേല എന്നിവ തുടർന്നുവരുന്നു. 2010 ൽ കല്ലറ, പെരുമ്പഴുതൂർ (കരിപ്രക്കോണം) നെല്ലിക്കാക്കുഴി, വഴുതൂർക്കോണം, കുന്നൻപാറ, വട്ടപ്പാറ, പരുത്തിപ്പാറ എന്നീ സ്ഥലങ്ങളിൽ ഏകദിന പ്രവർത്തനങ്ങൾ നടന്നു. ഇനിയും കൂടുതൽ സ്ഥലങ്ങൾ കേന്ദ്രീകരിച്ചു പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഈ പ്രവർത്തന ലക്ഷ്യപ്രാപ്തിക്കായി പ്രാർത്ഥനയിലും പ്രവർത്തനങ്ങളിലും സഹകരിക്കുയും സാമ്പത്തീക സഹായം നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യണമേ. ഓരോ പ്രവർത്തനത്തിനും 5000 രൂപ ആവശ്യമാണ്. ഒരു ജോയിന്റ് അക്കൗണ്ട് ട്രഷററുടെയും പ്രസിഡന്റിന്റെയും പേരിൽ പട്ടം എസ്.ബി.റ്റി. ശാഖയിൽ തുറന്നിട്ടുണ്ട്. (Ac No 67102887103, code No. 2018) ചെക്കുകൾ അയയ്ക്കുമ്പോൾ YMEF Trivandrum center എന്ന് മാത്രം എഴുതിയാൽ മതി. എന്ന് എം.കെ. തോമസ് (പ്രസിഡന്റ്), ജോർജ്ജ് സി. വർഗ്ഗീസ് (ട്രഷറർ), ജോയികുമാർ വി.കെ. (സെക്രട്ടറി).

**തൊടുപുഴ :** തൊടുപുഴ ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ മാർച്ച് 15,16 ന് തൊടുപുഴയിലും സമീപപ്രദേശങ്ങളായ ആലക്കോട്, കലയന്താനി, ഇഞ്ചിയാനി എന്നിവിടങ്ങളിൽ ഭവന സന്ദർശനം, പരസ്യയോഗങ്ങൾ, രാത്രി യോഗങ്ങൾ എന്നിവ നടത്തപ്പെട്ടു. എം.കെ. സണ്ണി, എം. ആർ ഷൈജു, കെ.എൻ. രാജൻ, കെ.ഒ. ജോസ് എന്നിവർ വചനം ശുശ്രൂഷിച്ചു. ഈ ശുശ്രൂഷകൾ മുഖാന്തിരം നിലനിൽക്കുന്നതായ ഫലങ്ങൾ ഉണ്ടാകേണ്ടതിന് പ്രാർത്ഥിക്കുക. എന്ന് സഭയ്ക്കുവേണ്ടി കെ.ഒ.ജോസ്.

**ബൊക്കാറോ സ്റ്റീൽസിറ്റി :** 34 വർഷങ്ങൾക്ക് മുമ്പ് ഹൈന്ദവ ചുറ്റുപാടിൽ നിന്നും കർത്താവിനെ അറിയുവാൻ ഇടയായി. 2010 ഏപ്രിൽ 14 ന് എന്റെ ജീവിതത്തിൽ ദൈവം കരുതിയ വിധങ്ങളെ ഓർക്കുവാൻവേണ്ടി എന്റെ ഭവനത്തിൽ ഒരു പ്രത്യേക സുവിശേഷയോഗം ക്രമീകരിച്ചു. ചുറ്റുപാടുമുള്ളവരും വിവിധ സഭാപ്രതിനിധികളുമായ അനേകർ വന്ന് സഹകരിക്കുകയുണ്ടായി. കൂടിവന്നവരോട് എന്റെ അനുഭവ സാക്ഷ്യം പറഞ്ഞത് അനേകർക്ക് പ്രയോജനം ചെയ്തു. വചന ശുശ്രൂഷ പി.ജെ. ജോൺ നിർവ്വഹിച്ചു. പലരും ആശംസകൾ പറയുകയുണ്ടായി. ദൈവവചനം കേട്ടവരിൽ ഭൂരിഭാഗവും ഹൈന്ദവ ചുറ്റുപാടിൽ ഉള്ളവരായിരുന്നു. സഭയുടെ വിവിധ പ്രവർത്തനങ്ങളായ ഗ്രാമപ്രവർത്തനം കുഷ്ഠരോഗികളുടെ ഇടയിലെ ശുശ്രൂഷകൾ, ആതുര സേവനങ്ങൾ തുടങ്ങിയ ശുശ്രൂഷകളെ പ്രാർത്ഥനയിൽ ഓർത്താലും. കെ. ഗോപാലകൃഷ്ണൻ Qr. No. 2147/IV-A, Sector - IV, B.S. City, Jharkhand - 827 004, India.

**എറണാകുളം :** (1) വേങ്ങൂർ പഞ്ചായത്തിൽപ്പെട്ട വനമേഖലയാണ് പൊങ്ങിൻചുവട് ആദിവാസി കോളനി. ഭൂതത്താൻകെട്ട് ഡാം കഴിഞ്ഞ് വടാട്ടുപാറ എന്ന സ്ഥലത്ത് നിന്ന് 18 കി.മീ. ഘോരവനത്തിലൂടെ ഇടമലയാർ ഡാമിനരികെക്കൂടെയാണ് ഇവിടേക്ക് പോകേണ്ടത്. 4-3-10 ൽ സുവി. പി.കെ. ജോയിയുമൊത്ത് പൊങ്ങിൻചുവടെന്ന ഗിരിവർഗ്ഗ കോളനിയിലെത്താൻ കർത്താവ് സഹായിച്ചു. “മലയൻ” ഗിരിവർഗ്ഗക്കാരായ 106 കുടുംബങ്ങളിലായി 450 ൽ അധികം ആളുകൾ ഇവിടെ താമസിക്കുന്നു. ഇവർ ലഹരി പദാർത്ഥങ്ങൾക്ക് അടിമകളാണ്. ഇവരെ ക്രിസ്തുവിനായി നേടണമെന്നുള്ള ആഗ്രഹമുണ്ട്. ദൈവജനത്തിന്റെ പ്രാർത്ഥന ആവശ്യമാണ്.

(2) സ്ഥിരമായ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ലാത്ത പ്രദേശങ്ങളാണ് നെല്ലിമോളം, വായിക്കര, രായമംഗലവും പരിസരങ്ങളും സ്ഥിരമായി പ്രവർത്തിച്ച് സ്ഥലം സഭകൾ രൂപീകരിക്കണമെന്ന ലക്ഷ്യത്തോടെ ഞാനും പി.കെ. ജോയിയുംകൂടെ ചേർന്ന് പ്രളയക്കാട്, ക്രായിയേലി സഭകളുടെ പ്രാർത്ഥനാ സഹകരങ്ങളോടെ പ്രവർത്തനങ്ങളാരംഭിക്കുവാൻ കർത്താവ് കൃപ ചെയ്തു. ആളാംപ്രതി സുവിശേഷീകരണം, ഭവന സന്ദർശനങ്ങൾ എന്നിവയാണ് ചെയ്തു വരുന്നത്. ഈ പ്രദേശങ്ങളിലേക്ക് സ്വമേധയാ കടന്നുവന്ന് പ്രവർത്തിക്കുവാൻ സന്നദ്ധതയുള്ളവർ ഞങ്ങളുമായി ബന്ധപ്പെടാവുന്നതുമാകുന്നു. ഈ പ്രവർത്തനങ്ങളെയോർത്ത് പ്രാർത്ഥിക്കണമെ. സുവി. എ. സ്റ്റീഫൻ – 9447272624, സുവി. പി.കെ. ജോയി – 9744035359.

**രാജസ്ഥാൻ :** ബിലീവേഴ്സ് ബ്രദറൺ സഭ ബാസനിയും പിഷാട് സിറ്റി സഭയും ചേർന്നുള്ള സംയുക്ത യോഗവും ഏകദിന കോൺഫറൻസും 16-3-2010 ൽ ബാസനി (ജോഡ്പുർ) സഭാഹാളിൽ വെച്ച് നടക്കുവാൻ കർത്താവനുവദിച്ചു. 5 ഗ്രാമങ്ങളിൽ നിന്ന് 10 ലോക്കൽ യുവ സഹോദരന്മാരടക്കം 20 പേർ കോൺഫറൻസിൽ പങ്കുചേർന്നു. സുപ്രധാന വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുകയും ഗ്രാമസുവിശേഷീകരണത്തിൽ ഗ്രാമവാസികളെ എങ്ങനെ ഉൾപ്പെടുത്തണമെന്നുള്ള ഉത്തരവാദിത്തവും യുവസഹോദരന്മാരെ അറിയിച്ചു. ഡോ. ഒ.എം. തോമസ്, സി.ജെ. തോമസ്, രവി പ്രകാശ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. റ്റി.സി. വർഗീസ് വചനം ശുശ്രൂഷിച്ചു. തുടർന്ന് ഭാരവാഹികളെ അടുത്ത മീറ്റിംഗിനു വേണ്ടി തിരഞ്ഞെടുക്കുകയും ചെയ്തു. തുടർന്നും ദൈവജനത്തിന്റെ പ്രാർത്ഥന പ്രവർത്തനങ്ങൾക്ക് ആവശ്യമാണ്. സഭയ്ക്കുവേണ്ടി, സുവി. ഡോ. ഒ.എം. തോമസ്. സുവി. സി.ജെ. തോമസ്.

**ബാംഗ്ലൂർ സൗത്ത് :** 9-3-2010 ന് ഇവിടെ ആരാധന തുടങ്ങി മാർച്ച് 5-7 വരെ വിശേഷാൽ യോഗങ്ങൾ നടന്നു. സഹോ. ജോസ് സാമുവേൽ (സേലം) വചനം ശുശ്രൂഷിച്ചു. ഇപ്പോൾ സഭയിൽ 30 ഓളം പേർ കൂടി വരുന്നു. 20 ഓളം പേർ കർത്തൃമേശയിൽ പങ്കെടുക്കുന്നു. യോഗങ്ങൾ ഇപ്പോൾ ഞങ്ങളുടെ വാടക വീട്ടിലാണ്. പരിമിതികൾ ഉണ്ട്. സഭയുടെ ആത്മീക അഭിവൃദ്ധിക്കായും മറ്റ് വിഷയങ്ങൾക്കായും പ്രാർത്ഥന ആവശ്യമാണ്. സഭയ്ക്കുവേണ്ടി ജയചന്ദ്രൻ, പെരിയണ്ണൻ ഡേവിഡ് കണ്ടത്ത്.

**വൈ.എം.ഇ.എഫ്. :** ഹൈറേഞ്ച് ഡിവിഷൻ 18-2-10 ൽ കട്ടപ്പനയിൽ വച്ച് പുതിയ ഭാരവാഹികളെ തിരഞ്ഞെ

ടുത്തു. തോമസ് ചെറിയാൻ ഈറക്കുഴ (പ്രസിഡന്റ്), അരുൺ കെ. പോൾ (വൈസ് പ്രസിഡന്റ്), ബൈജു മാത്യു (സെക്രട്ടറി), പി.പി. വറുഗീസ് (ജോ. സെക്രട്ടറി), ജോബിൻ തോമസ് (ട്രഷറർ) എന്നിവരടങ്ങുന്ന കമ്മറ്റി പ്രവർത്തനങ്ങൾക്ക് നേതത്വം കൊടുക്കുന്നു. തുടർന്ന് നട ക്കേണ്ടതായ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും ഭാരിച്ച സാമ്പിത്തീക ചെലവുള്ള ഈ പ്രവർത്തനങ്ങൾക്ക് സഹായിക്കുകയും ചെയ്യണമെ. അയയ്ക്കേണ്ട വിലാസം : ജോബിൻ തോമസ്, ചെറിപറമ്പിൽ, ശാന്തിഗ്രാം പി.ഒ., ഇടുക്കി.

**ഹൈറേഞ്ച് :** ഗ്രാമപ്രദേശങ്ങളിൽ പരസ്യയോഗങ്ങളും ട്രാക്റ്റ് വിതരണവും നടക്കുന്നു. ഗ്രാമവാസികൾ വചനം ശ്രദ്ധിക്കുകയും ചിലർ കർത്താവിനെ രക്ഷകനായി സ്വീക രിക്കുകയും ചെയ്യുന്നു പ്രവർത്തനങ്ങളുടെ ആവശ്യ ങ്ങൾക്ക് വാഹനം ഉണ്ടെങ്കിലും സ്വന്തമായി സൗണ്ട് സിസ്റ്റവും ജനറേറ്ററും ഇല്ലാത്തതിന്റെ പ്രയാസങ്ങൾ ഉണ്ട്, ഈ ആവശ്യത്തിന് 1 ലക്ഷം രൂപ ചെലവു പ്രതീക്ഷി ക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കും കൈത്താ ങ്ങലിനുമായി അറിയിക്കുന്നു. എന്ന് എം, മത്തായി, പി. എൽ. പീറ്റർ, ലാലു വി. ഏബ്രഹാം, പി.ബി. നമ്പർ 2, കല്ലാർ പി.ഒ., ഇടുക്കി - 685552, 9495315554.

**പാണത്തൂർ :** കാസർഗോഡ് ജില്ലയിൽ കുറുഞ്ചേരി ബ്രദറൺ അസംബ്ലിയിൽ നിന്ന് സുവിശേഷ വേലയ്ക്ക് വേർതിരിയുകയും പുതിയ സ്ഥലം തിരഞ്ഞെടുത്ത് സഭ ലക്ഷ്യമാക്കി പ്രവർത്തിക്കണം എന്ന ദൈവീക പ്രകാശം അനുസരിച്ച് 2004 ഡിസംബർ മുതൽ കർണ്ണാടകയോടു ചേർന്ന് കിടക്കുന്ന കേരളത്തിന്റെ അതിർത്തി പ്രദേശ മായ പാണത്തൂർ തിരഞ്ഞെടുത്തു പ്രവർത്തനം ആരംഭി ച്ചു. ടീമായും അല്ലാതെയും ദൈവദാസന്മാരും സഹോദ രന്മാരും കടന്നുവന്ന് പ്രവർത്തനങ്ങളിൽ സഹകരിക്കു കയുണ്ടായി. ഇവിടെ ഒരു കൂടിവരവ് ഉണ്ടാകണമെന്ന് അവർ ആത്മാർത്ഥമായി പ്രാർത്ഥിക്കുയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി ചിലർ രക്ഷിക്കപ്പെടുവാൻ ഇടയാ യി. രക്ഷിക്കപ്പെട്ട് മുന്നോട്ട് വന്നവരുടെ സ്നാനത്തോടു കൂടി സഭാകൂടിവരവ് 2010 ജനു. 24 ന് ആരംഭിച്ചു. ഇപ്പോൾ ഞങ്ങൾ വാടകയ്ക്കു താമസിക്കുന്ന വീട്ടിലാണ് ആരാധന നടക്കുന്നത്. തുടർന്നും ഇവിടുത്തെ പ്രവർ ത്തനങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും. എന്ന് സുവി. സജോ വർഗീസ്. സഭയുടെ അഡ്രസ് - Christian Brethren Assembly C/o Sajo Varghese Evg. Peniel, Panathur P.O., Kasargod - 671 532.

## മഹത്വത്തിൽ

**ക്രിസ്തുവിനോടു കൂടെ ചേർക്കപ്പെട്ട സഹോ. പോൾ തോമസ്**



മഹാനും സഹോദരസംഘത്തിന് ഇഷ്ടനും സ്വജനത്തിന് ഗുണകാം ഷിയും വിശ്വാസസമൂഹത്തിന് അനു കൂലവാദിയും ആയിരുന്ന കെ. പോൾ തോമസ് (73) താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിൽ 14-4-10 ന് ചേർക്കപ്പെട്ടു. തന്റെ വേർപാട് ബ്രദറൺ സമൂഹത്തിൽ വലിയ ഒരു വിടവ് വരു ത്തിയിരിക്കുകയാണ്. ഗൾഫിലുണ്ടായിരുന്ന ജോലിക്ക് ശേഷം കേരളത്തിൽ വന്ന് 1988 മുതൽ കെ.ഇ.എം, ഫണ്ടിന്റെ സെക്രട്ടറിയായി തികച്ചും പ്രശംസനീയമായ സേവനം അനുഷ്ഠിച്ച താൻ സുവിശേഷത്തിന്റെ അഭി വൃദ്ധിക്കായി ചെയ്ത കാര്യങ്ങൾ വിസ്മരിക്കാവതല്ല. ശരീര ബലഹീനതകൾ പരിഗണിക്കാതെ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ സഞ്ചരിച്ച് സുവിശേഷകന്മാ രെയും പ്രവർത്തനങ്ങളേയും കുറിച്ച് മനസ്സിലാക്കുകയും അവരുടെ ആവശ്യങ്ങൾക്ക് തക്ക സഹായിയായിരിക്കു കയും ചെയ്യുമായിരുന്നു. ഫണ്ടിന്റെ ചുമതലയിൽ തന്റെ താല്പര്യപ്രകാരം വിവിധ പ്രദേശങ്ങളിൽ സംഘടിപ്പിച്ച കോൺഫറൻസുകൾ ഇതിനുദാഹരണമാണ്. ഓരോ സുവിശേഷകന്മാരെയും താൻ വ്യക്തിപരമായി അറിഞ്ഞി രുന്നു. ഫണ്ടിന്റെ കാര്യങ്ങൾക്കായി താൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സുവിശേഷകന്മാർക്ക് വിതരണം ചെയ്യു വാൻ സാമ്പത്തീകം കുറയുന്ന അവസരങ്ങളിൽ താൻ മുട്ടിന്മേൽ നിന്ന് സ്വർഗ്ഗീയ ഭണ്ഡാരത്തിലേക്ക് ധനാ ഭ്യർത്ഥന അറിയിക്കുകയും തത്സമയത്ത് ആവശ്യങ്ങൾ യഥാവിധി നിവർത്തിക്കപ്പെടുകയും ചെയ്യുമായിരുന്നു. വിശ്രമമില്ലാതെ തന്റെ ആയുസ്കാലം കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ അദ്ധ്വാനിച്ച വിശ്വസ്ത ദാസൻ യജ മനനിൽ നിന്നും അനേകം പ്രതിഫലങ്ങൾ പ്രാപിപ്പാ നായി സ്വന്തഭവനത്തിൽ എത്തിച്ചേർന്നു. സ്തോത്രം. വിശ്വസ്ത ഭൃത്യന്മാരെ തന്റെ സ്ഥാനത്തേക്ക് എഴുന്നേ ല്പിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ദുഃഖത്തിലായി രിക്കുന്ന സഹോ. മേരിക്കുട്ടിയെയും ഇതര കുടുംബാം ഗങ്ങളെയും പ്രാർത്ഥനയിൽ ഓർക്കാം. (സി.എ. ജോർജ്ജ്.)

**പൂമല :** സുവി. പി.ജെ. പൗലോസിന്റെ സഹധർമ്മി ണി ഏലിയാമ്മ പൗലോസ് (63) 14-3-10ന് കർത്തൃസന്നി



ധിയിൽ ചേർക്കപ്പെട്ടു. പ്രിയ സഹോ ദരിയുടെ ഭൗതീകശരീരം അത്താണി സഭയുടെ ചുമതലയിൽ 15-3-10 ന് അനേക ദൈവമക്കളുടെ സാന്നിദ്ധ്യ ത്തിൽ പൂമല ബ്രദറൺ സഭാ സെമി ത്തേരിയിൽ ഉയിർപ്പിൻ നാളിലെ പ്രത്യാശാ നിവർത്തിക്കായി സംസ്ക്ക രിച്ചു. പ്രിയ സഹോദരി തന്റെ 8 മക്ക ളുൾപ്പെടെ അനേകരെ കർത്താവിങ്കലേക്ക് നയിച്ചു. സണ്ടേസ്കൂൾ, സഹോദരിമാരുടെ പ്രവർത്തനങ്ങൾ എന്നീ ശുശ്രൂഷകളിൽ ഉത്സുകയും അതിഥി സൽക്കാര പ്രിയയും കർത്തൃദാസന്റെ ശുശ്രൂഷയിൽ വലിയ പിൻബ ലവുമായിരുന്നു. ആത്മപ്രകാശിനി ബൈബിൾ പ്രശ്നാ വലിയിൽ അനേക വർഷങ്ങളായി പങ്കെടുക്കുകയും നിര വധി സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. ദുഃഖത്തി ലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കു ക. എന്ന് സുവി. അശോക്.

## കൺവൻഷൻ / ക്യാമ്പ്

**തിരുവനന്തപുരം.** താഴെ പറയുന്ന സ്ഥലത്തും സമ യത്തും സുവിശേഷ മഹായോഗങ്ങളും ബൈബിൾ ക്ലാസ്സുകളും നടത്തുവാൻ ആഗ്രഹിക്കുന്നു. ഈ യോഗ ങ്ങളിലേക്കും ക്ലാസ്സുകളിലേക്കും താങ്കൾ വ്യക്തിയായും കുടുംബമായും പങ്കെടുത്ത് ദൈവാനുഗ്രഹം പ്രാപിക്കു വാൻ സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

**സുവിശേഷമഹായോഗങ്ങൾ**

സ്ഥലം : വാഴപ്പിള്ളേത്ത് ഹാൾ, നാലാഞ്ചിറ

തീയതി : 2010 മേയ് 12 – 14 വരെ

സമയം : വൈകിട്ട് 6.30 – 8.30 വരെ

**ബൈബിൾ ക്ലാസ്സുകൾ**

സ്ഥലം : ബ്രദറൺ ഹാൾ, കേന്ദ്രീയവിദ്യാലയത്തിന് എതിർവശം, പട്ടം

തീയതി : 2010 മേയ് 13 – 16 വരെ

സമയം : 2010 മേയ് 13 – 15 വരെ രാവിലെ 8.00 – 9.00 വരെ

2010 മേയ് 15 മുതൽ 16 വരെ വൈകിട്ട് 6.30 – 8.00 വരെ. പ്രസംഗകൻ : വറുഗീസ് കുര്യൻ, പാമ്പാടി

**കൊട്ടാരക്കര :** ബൈബിൾ സാഹിത്യപ്രവർത്തക സമിതിയുടെ ഒരു ഏകദിന സമ്മേളനം 2010 മേയ് 28 ന് രാവിലെ 9.30 ന് കല്ലിശ്ശേരി ബി.ബി.സി. ഓഡിറ്റോറിയത്തിൽ വെച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. 2007–2009 വരെ ബ്രദറൺ സമൂഹത്തിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായ ഗദ്യപദ്യ സാഹിത്യ രചനകൾക്ക് പുരസ്കാരം നൽകുന്നതിനുവേണ്ടിയുള്ള സമ്മേളനമാണിത്. പ്രസിഡന്റ് പി.ഇ. സാംകുട്ടിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന ഈ സമ്മേളനത്തിൽ അഡ്വ. മാത്യു വൈരമൺ (യു.എസ്.എ.) മുഖ്യപ്രഭാഷണം നടത്തും. എം.എം. സഖറിയ അവാർഡ് ദാനം നിർവ്വഹിക്കും. ചാൾസ് ജോൺ, കെ.എ. ഫിലിപ്പ്, ജോർജ് കോശി, സി.റ്റി. ജോണിക്കുട്ടി, എം.വി. ബാബു, ലിജോ വർഗീസ്, പ്രൊഫ. ജേക്കബ് തോമസ് മുതലായവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. എന്ന് ബി.എസ്.പി.എസിനുവേണ്ടി സാം സഖറിയ സെക്രട്ടറി, ഫോൺ : 9846845856.

## അഭ്യർത്ഥന

**നെടുങ്കണ്ടം :** ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കാസ്ഥാനമായ നെടുങ്കണ്ടത്ത് 1995 ൽ സുവി. എം.കെ. ജെയിംസിന്റെ പ്രവർത്തനഫലമായി കൂടിവരവുണ്ടായി. 42 പേർ അംഗങ്ങളായുള്ള സഭയിൽ 35 പേർ കർത്തൃമേശയിൽ സംബന്ധിക്കുന്നവരാണ്. സഭാകൂടിവരവിനുവേണ്ടി എസ്.എ.ഐ.യുടെ പേരിൽ വാങ്ങിയ 6 ½ സെന്റ് ഭൂമിയിൽ ഉണ്ടായിരുന്ന ചെറിയ ഹാൾ കഴിഞ്ഞ നാളുകളിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ മേൽക്കൂര പൂർണ്ണമായി തകരുകയുണ്ടായി. എന്നാൽ ഇപ്പോൾ ഭിത്തിയും മറ്റും നനഞ്ഞ് ഹോൾ ഉപയോഗയോഗ്യമല്ലാതായി. എല്ലാ ദൈവമക്കൾക്കും ഇരുന്ന് ആരാധിക്കുവാൻ സ്ഥലസൗകര്യം പരിമിതമാണ്. 40 X 20 വലിപ്പത്തിൽ പുതുക്കി പണിയുവാൻ ആഗ്രഹിക്കുന്നു. ഈ ഹോൾ പണിക്കായി 5 ലക്ഷം രൂപയോളം വേണ്ടിവരും. ഇവിടുത്തെ വിശ്വാസികൾ എല്ലാംതന്നെ സാമ്പത്തീകമായി ബുദ്ധിമുട്ടനുഭവിക്കുന്നവരാണ്. എങ്കിലും 50000 രൂപയോളം ഞങ്ങൾ സമാഹരിച്ചിട്ടുണ്ട്. ആയതിനാൽ ഈ സ്ഥലം സഭയുടെ അഭിവൃദ്ധിയെക്കരുതി ദൈവജനം വ്യക്തികളായും സഭയായും പ്രാർത്ഥിക്കുകയും സാമ്പത്തീക സഹായം നൽകുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ അപേക്ഷിക്കുന്നു. ചെക്ക് ഡ്രാഫ്റ്റ് എന്നിവ അയയ്ക്കുന്നവർ “Brethren Assembly” എന്ന പേരിൽ എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക. M.K. James, Peace Cottage, P.B. No.3, Nedumkandam P.O., Idukki - 685553 എന്ന്, ഡി.എ. രാജു, എം. ബാബു, കെ.എം.മാത്യൂസ്, സന്തോഷ് വർഗീസ്, അലക്സ് പി. ജോൺ, എം.കെ. ജെയിംസ്. മേൽപറഞ്ഞ പ്രസ്ഥാവനകൾ എനിക്കു ബോദ്ധ്യപ്പെട്ടവയാണ്. ദൈവമക്കൾ സഹകരിക്കണമേ V. Kuriakose, Keezhellam (SAI Joint Secretary), Phone : 0484 - 2653009.

RN.No. 36067/ 81

Postal Reg. No. KL/TLA/44/2009-11 dt.14-11-08

ആത്മപ്രകാശിനി

If undelivered Please return to:

Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547

Printed and Published by
C.A.George
at Excel Offset Printers, Omallor

## വിവിധ വിഷയങ്ങൾ

**ADELPHOI NEWS**: Adelphoi News (adelphoi means brethren or brothers) is a news mail service in English and Malayalam to help the Brethren to pray and act for the needs of the Brethren. It aims at believers' participation and cooperation in the Christian ministry. We hope that this ministry would help the believers to pray and support the Evangelists who are in the Lord's vineyard. If you would like to receive the free Adelphoi News, please send a mail to <adelphoi_news-join@welovegod.org>. You may send the ministry news and prayer requests to <adelphoinews@gmail.com>. We will not upload any controversial news related to any Assembly or individual (Adelphoi News Team +919447265500). (Dr. K.C. Johnson)

## വിലാസമാറ്റം

സഹോ. ഏബ്രഹാം വർഗീസ് ഇടയാറന്മുളയുടെ പുതിയ വിലാസം – ഏബ്രഹാം വർഗീസ്, കാരമ്മൂട്ടിൽ സാറാ ഭവൻ, ആറാട്ടുപുഴ പി.ഒ., ചെങ്ങന്നൂർ.